# മലങ്കരസഭാദീപം

A FORTNIGHTLY WITH ECUMENICAL VISION

വാല്യം 24 ലക്കം 3 പേജ് 6 2017 ഡിസംബർ 1



2 തിരുവേദവനിതകൾ

3 ഹൈക്കോടതിവിധി യനുസരിച്ച് കായം കുളത്ത് ശവസം സ്ക്കാരം

4 പ്രതിഭാധനനായ വി. സി.ശമുവേലച്ചൻ

5 ഒരു സുപ്രീംകോടതിവിധി യുണർത്തിയ ചിന്തകൾ


## സമാധാനം ശാശ്വതമായി അടിവരയിടുന്നതാകണം : പ.കാതോലിക്കാ ബാവാ

യു.എ.ഇ. : മലങ്കരസഭയിൽ സമാധാനം ഉണ്ടാകണം. അത് പൊട്ടിത്തകരുന്ന ഒന്നാകരുതെന്ന് പ.കാതോലിക്കാ ബാവാ പറഞ്ഞു. ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ പള്ളിയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ചു വി.കുർബ്ബാന മദ്ധ്യേ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. മലങ്കരസഭയെ സംബന്ധിച്ചു ചരിത്രതാളുകൾ പരിശോധിച്ചാൽ അസ്ഥിത്വത്തിന് അടിത്തറയിട്ട പ്രഖ്യാപനം ആയിരുന്നു ഭാരതത്തിന്റെ പരമോന്നത നീതി പീഠത്തിൽനിന്ന് ലഭിച്ചത്. സഭയും പള്ളികളും മറ്റും മുറുകെ പിടിക്കുന്ന തരത്തിലായിരുന്നു അത്. 1958-ൽ വിധിയുണ്ടായപ്പോൾ വളരെ വേഗത്തിൽ സമാധാനം പ്രഖ്യാപിച്ചു. വി.മാർത്തോമ്മാശ്ലീഹായെ തള്ളിയുള്ള പ്രഖ്യാപനം പാത്രിയർക്കീസിൽനിന്ന് ഉണ്ടായി. അധികം നീണ്ടുനിന്നില്ല, കുറച്ചു വർഷങ്ങൾക്കുശേഷം പൊട്ടിത്തകർന്നു. മാർത്തോമ്മാശ്ലീഹായെ മറന്ന് സഭയ്ക്ക് മുന്നോട്ട് പോകാനാവില്ല. തട്ടിക്കൂട്ടിയ സമാധാനത്തിന് ആയുസ്സില്ലെന്നും ശാശ്വതമായി അടിവരയിടുന്നതാകണം സമാധാനമെന്നും പ.ബാവാ കൂട്ടിച്ചേർത്തു.

കേരളത്തിലെ ജനങ്ങൾക്ക് തൊഴിൽ അവസരങ്ങൾ നൽകി, വിശ്വാസികൾക്ക് ആരാധനാ സൗകര്യം അനുവദിച്ചു തരികയും ചെയ്ത ഇവിടുത്തെ ഭരണാധികാരികളോട് സഭ കടപ്പെട്ടിരിക്കുന്നു എന്നും പ.ബാവാ പറഞ്ഞു. യു.എ.ഇ. രക്തസാക്ഷിത്വ ദിനാചരണത്തിൽ ദുബായ് സ്ക്വയറിൽ നടന്ന അനുസ്മരണ ചടങ്ങുകളിലും പ.ബാവാ സംബന്ധിച്ചു.

## ഒരു കോടതിവിധി ഉണർത്തിയ ചിന്തകൾ

ഡോ.ഡി.ബാബു പോൾ

'ജപതോ നാസ്തി പാതകം'. പ്രാർത്ഥിക്കുന്നവൻ പാപം ചെയ്യുന്നില്ല. 'മൗനിഹഃ കലഹോ നാസ്തി'. വർത്തമാനം കുറച്ചാൽ വഴക്കും കുറയും. ഭാരതീയാചാര്യന്മാർ പണ്ടേ പറഞ്ഞ ഈ സുഭാഷിതം ഓർത്തുകൊണ്ട് തുടങ്ങട്ടെ. മാർത്തോമ്മാശ്ലീഹായുടെ വരവ് തർക്കവിഷയമാണെങ്കിലും അതിപ്രാചീനം എന്ന് വിശേഷിപ്പിക്കാവുന്ന ഒരു ക്രൈസ്തവസമൂഹം അതിവധിക്കുന്ന ഒരു നാടാണ് കേരളം എന്നതിൽ തർക്കം ഇല്ല. 1653 വരെ ഈ സഭ ഒന്നായിരുന്നു. അതിഥികളെ സ്വീകരിച്ചപ്പോഴും എതിർത്തപ്പോഴും ഉദയംപേരൂരിൽ കീഴടങ്ങിയ

(ശേഷം പേജ് 5-ൽ)

## ഡോ.സഖറിയാസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ 40-ാം ഓർമ്മദിനം



കോയമ്പത്തൂർ : മലബാർ ഭദ്രാസന മെത്രാപ്പോലീത്താ ആയിരുന്ന കാലം ചെയ്ത ഡോ.സഖറിയാസ് മാർ തെയോഫിലോസ് തിരുമേനിയുടെ നാൽപതാം ഓർമ്മദിനം ഡിസംബർ 1,2 തീയതികളിൽ അദ്ദേഹം അന്ത്യവിശ്രമംകൊള്ളുന്ന കോയമ്പത്തൂർ തടാകം ക്രിസ്ത്യുശിഷ്യാശ്രമത്തിൽ ആചരിക്കും. ഡിസംബർ 2ന് നടക്കുന്ന വി.കുർബ്ബാനയ്ക്ക് പ.ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ പ്രധാന കാർമ്മികത്വം വഹിക്കും.

ഡിസംബർ 1ന് രാവിലെ വി.കുർബ്ബാനയ്ക്ക് യൂഹാനോൻ മാർ പോളീകാർപ്പോസ് മുഖ്യ കാർമ്മികത്വം വഹിക്കും. വൈകിട്ട് 7 മണിക്ക് അനുസ്മരണ പ്രഭാഷണം, ആശീർവാദം എന്നിവ നടക്കും.

ഡിസംബർ 2ന് രാവിലെ എട്ടുമണിക്ക് വി.കുർബ്ബാന, കബറിങ്കൽ ധൂപപ്രാർത്ഥന, തുടർന്ന് നടക്കുന്ന അനുസ്മരണ സമ്മേളനത്തിൽ പ.കാതോലിക്കാ ബാവാ അദ്ധ്യക്ഷത വഹിക്കും. ഡോ.യൂഹാനോൻ മാർ ദീയസ്കോറോസ്, മാത്യൂസ് മാർ തേവോദോസിയോസ്, മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, വൈദികട്രസ്റ്റി ഫാ.ഡോ.എം.ഒ.ജോൺ, അസോസിയേഷൻ സെക്രട്ടറി അഡ്വ.ബിജു ഉമ്മൻ തുടങ്ങിയവർ പ്രസംഗിക്കും. ഡോ.സഖറിയാസ് മാർ തെയോഫിലോസ് മെമ്മോറിയൽ പാലിയേറ്റീവ് കെയർ യൂണിറ്റ് ഉദ്ഘാടനം ചെയ്യും. തുടർന്ന് ഹെർമ്മോൻ സന്ദേശ സ്മരണിക പ്രകാശനം, അടിയന്തിരസദ്യ എന്നിവ നടക്കും.

## പ്രതിഭാധനനായ വി.സി.ശമുവേലച്ചൻ മലങ്കരസഭയ്ക്കും ലോകക്രൈസ്തവവേദശാസ്ത്രത്തിനും നൽകിയ സംഭാവനകൾ എക്കാലവും സ്മരിക്കപ്പെടണം

ഫാ.ഡോ.എം.ഒ.ജോൺ

ബഹുമാനപ്പെട്ട വി.സി.ശമുവേലച്ചനെക്കുറിച്ച് രണ്ടു കാര്യങ്ങൾ പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഒന്ന് അദ്ദേഹം ലോകക്രൈസ്തവസമൂഹത്തിനു നൽകിയ സംഭാവന. രണ്ട് അദ്ദേഹം മലങ്കരസഭയ്ക്ക് നൽകിയതായ സംഭാവന.

ലോകക്രൈസ്തവ സമൂഹത്തിന് അദ്ദേഹം നൽകിയ സംഭാവന ഏറ്റവും വിലപ്പെട്ടതാണ്. ക്രൈസ്തവസമൂഹം, റോമൻ കത്തോലിക്കാ സഭയുൾപ്പെടുന്ന പാശ്ചാത്യസഭ, ഗ്രീക്ക് ഓർത്തഡോക്സ് സഭകൾ, ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ എന്നിങ്ങനെ അറിയപ്പെടുന്നു. അഞ്ചാം നൂറ്റാണ്ടുമുതൽ ഓറിയന്റൽ ഓർത്തഡോക്സ് സഭകൾക്ക് അതായത് കോപ്റ്റിക് ഓർത്തഡോക്സ് സഭ, അന്ത്യോഖ്യൻ സുറിയാനിസഭ, അതിനോട് ചേർന്ന് മലങ്കര ഓർത്തഡോക്സ് സഭ, അർമ്മീനിയൻ സഭ, എത്യോപ്യൻ സഭ എന്നിവ - ഗ്രീക്ക് ഓർത്തഡോക്സ് സഭകളും, പാശ്ചാത്യസഭ അഥവാ റോമൻ കത്തോലിക്കാ സഭയുമായി ഭിന്നിച്ചു നിൽക്കുന്നു. 451-ലെ കൽക്കദൂനാ സുന്നഹദോസ് മുതലാണ് ഈ ഭിന്നത ഉണ്ടാവുന്നത്. വേദശാസ്ത്രപരവും, പ്രധാനമായും ക്രിസ്തുശാസ്ത്രപരവുമായിരുന്നു ഭിന്നത. യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തെക്കുറിച്ചും അവനിലെ ദൈവത്വവും മനുഷ്യത്വവും അവ തമ്മിലുള്ള ബന്ധവും സംബന്ധിച്ചായിരുന്നു വാദപ്രതിവാദങ്ങൾ. യേശുക്രിസ്തു ദൈവവും മനുഷ്യനുമാണ്. പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമായ ക്രിസ്തുവിൽ ദൈവത്വവും മനുഷ്യത്വവും എങ്ങനെ എപ്രകാരം ഒന്നിച്ചു ചേർന്നിരിക്കുന്നു എന്നതായിരുന്നു ക്രിസ്തുശാസ്ത്ര സംവാദം.

431-ലെ എഫേസൂസ് സുന്നഹദോസു മുതൽ 451-ലെ കൽക്കദൂനാ സുന്നഹദോസ് വരെയുള്ള കാലത്തും അതിനുശേഷവും ഇതൊക്കെ ചർച്ച ചെയ്തു. കൽക്കദൂനാ സുന്നഹദോസോടെ ഇക്കാര്യംചൊല്ലി സഭയിൽ വലിയ ഭിന്നതയുണ്ടായി. കിഴക്കൻ സഭകൾ (ഓറിയന്റൽ ഓർത്തഡോക്സ്), അതായത് അന്ത്യോഖ്യാ, അലക്സാന്ത്ര്യ, (കോപ്റ്റിക്) സിറിയ, പാലസ്തീൻ യെറുശലേം തുടങ്ങിയ സ്ഥലങ്ങളിലെ സഭകൾ, ഗ്രീക്ക് (കുസ്തന്തീനോപോലീസ് കേന്ദ്രമായ ഈസ്റ്റേൺ ഓർത്തഡോക്സ്) റോമൻ കത്തോലിക്കാ എന്നീ സഭകളിൽനിന്ന് പിരിഞ്ഞു. ഇരുകൂട്ടരും പരസ്പരം ആരോപണ പ്രത്യാരോപണങ്ങൾ മുഴക്കി. പാശ്ചാത്യസഭകൾ ഇരുസ്വഭാവവാദികളാണ് എന്ന് കിഴക്കൻ സഭകൾ ആരോപിച്ചു. കിഴക്കൻ (ഓറിയന്റൽ) സഭകൾ ഏകസ്വഭാവവാദികൾ ആണ് വേദവിപരീതികളാണ് എന്ന് ഗ്രീക്ക്, കത്തോലിക്കാ സഭകളും ആരോപിച്ചു. വേദവിപരീതികളാണ് എന്ന് പരസ്പരം ആരോപിച്ചാണ് ഈ സഭകൾ ഭിന്നിച്ചത്. ആ ഭിന്നത അതിരൂക്ഷമായ ക്രൈസ്തവപീഢകളിലേക്കും, കിഴക്കൻ പ്രദേശങ്ങളിൽ അതായത് സിറിയ, പാലസ്തീൻ, യെറുശലേം, ഈജിപ്റ്റ് തുടങ്ങിയ രാജ്യങ്ങളിലും മേഖലകളിലും ക്രൈസ്തവസഭകളുടെ അതിദയനീയമായ പതനത്തിനും ശക്തിക്ഷയത്തിനും കാരണമായിട്ടുണ്ട്.

അഞ്ചാം നൂറ്റാണ്ടുമുതൽ ഇരുപതാം നൂറ്റാണ്ടിന്റെ അവസാനം വരെ വേദവിപരീതികൾ എന്നുള്ള ആരോപണ പ്രത്യാരോപണങ്ങൾ ഉയർന്നുകൊണ്ടിരുന്നു. അതിന് ഒരു അറുതി വരുത്തുവാൻ തക്ക ഗവേഷണങ്ങളും പഠനങ്ങളും നടത്തിയ ആളാണ് വന്ദ്യനായ വി.സി.ശമുവേലച്ചൻ. ബഹു.അച്ചൻ അന്നത്തെ വേദശാസ്ത്രസംവാദങ്ങളെക്കുറിച്ചും കൽക്കദൂനാ സുന്നഹദോസിന്റെ നടപടികളെക്കുറിച്ചും വളരെ ആഴമായി അക്കാലത്തെ ഒറിജിനൽ രേഖകൾ അടിസ്ഥാനമാക്കി പഠനം നടത്തി. അദ്ദേഹത്തിന്റെ ഗവേഷണപഠനമാണ് "കൗൺസിൽ ഓഫ് കാൽസിഡോൺ റീ എക്സാമിൻഡ്" എന്ന പേരിൽ പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ വേദവിപരീതികൾ അല്ലെന്ന് പതിനഞ്ച് നൂറ്റാണ്ടുകൾക്കുശേം അദ്ദേഹം കാര്യകാരണ സഹിതം സ്ഥാപിച്ചു. അഞ്ചാം നൂറ്റാണ്ടുമുതൽ ഇരുപതാം നൂറ്റാണ്ടുവരെ വേദവിപരീതികളാണ് എന്ന് പറഞ്ഞിരുന്ന ഒരു സമൂഹം - നമ്മൾ - വേദവിപരീതികളല്ല എന്ന് തെളിയിച്ച മഹാനാണ് വി.സി. ശമുവേൽ അച്ചൻ. നമ്മുടെ കുർബ്ബാന പരസ്യമായി ആരംഭിക്കുമ്പോൾ നമ്മൾ ചൊല്ലുന്ന പ്രാർത്ഥനയുണ്ടല്ലോ നിൻമാതാവിശുദ്ധന്മാർ.... എന്ന പ്രാർത്ഥന. ആ പ്രാർത്ഥന സേവേറിയോസിന്റെ മാനീസ എന്നാണറിയപ്പെടുന്നത്. സേവേറിയോസ് എന്നു പറയുന്ന പിതാവ് ആറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന അന്ത്യോഖ്യാ പാത്രിയർക്കീസ് ആയിരുന്നു. കൽക്കദൂനാ സുന്നഹദോസിനെ എതിർത്തു നിന്ന സഭാവിഭാഗത്തിന്റെ ശക്തനായ വാക്താവും ഉന്നതനായ വേദശാസ്ത്രജ്ഞനുമായിരുന്നു അദ്ദേഹം. അദ്ദേഹം അനേകം ലേഖനങ്ങളും പുസ്തകങ്ങളും രചിച്ചിട്ടുണ്ട്. അതുപോലെ മാബൂഗിലെ പീലക്സിനോസ്, വിശുദ്ധനായ യാക്കോബ് ബുർദ്ദാന - അദ്ദേഹത്തിന്റെ പേരിൽനിന്ന് അദ്ദേഹത്തിന്റെ അനുയായികൾ എന്ന നിലയിലാണ് നമുക്ക് യാക്കോബായക്കാർ എന്ന പേരു ലഭിക്കുന്നത് - തുടങ്ങിയവർ ഓറിയന്റൽ സഭകളുടെ - ഏക സ്വഭാവവാദികൾ എന്ന പാശ്ചാത്യർ ആരോപിച്ചിരുന്നവരുടെ - ശക്തരായ നേതാക്കന്മാരായിരുന്നു. വാസ്തവത്തിൽ ഈ പിതാക്കന്മാരാണ് ഓറിയന്റൽ സഭകൾക്ക് ജീവൻ നൽകി നിലനിർത്തിയവർ. ഒരുകാലത്ത് ഓറിയന്റൽ സഭകളെ മുഴുവൻ യാക്കോബായക്കാർ എന്ന് വിളിച്ചിരുന്നു. ഇതിനെക്കുറിച്ചൊന്നും യാതൊരു വിവരവുമില്ലാതെയാണ് നമ്മുടെ ചിലയാളുകൾ യാക്കോബായ എന്നു കേൾക്കുമ്പോൾ പരിഹാസച്ചുവയോടെ സംസാരിക്കുന്നത്. നമ്മുടെ പൂർവ്വികർ അഭിമാനത്തോടെ സ്വീക

(ശേഷം പേജ് 4-ൽ)

# തിരുവേദ വനിതകൾ...കഴിഞ്ഞലക്കം തുടർച്ച

സാലി മേരി തോമസ്, കുറ്റിക്കത്തിൽ

## ലുദിയ - യൂറോപ്പിലെ ആദ്യ ക്രിസ്ത്യാനി

ഏഷ്യയിലെ തുയത്തൈര പട്ടണക്കാരിയായിരുന്ന ലുദിയ ഫിലിപ്യയിൽ വന്നു പട്ടുവസ്ത്രം വിൽക്കുന്ന ഒരു വ്യാപാരിയായിത്തീരുന്നു. വിജാതീയ വിശ്വാസത്തിൽ ആയിരുന്ന അവൾ ഫിലിപ്യയിൽ എത്തി യഹൂദമതം സ്വീകരിക്കുകയും പൗലോസിന്റെയും ശീലാസിന്റെയും സുവിശേഷ പ്രവർത്തനം മൂലം യൂറോപ്പിലെ ആദ്യ ക്രിസ്ത്യാനി ആയിത്തീരുകയും ചെയ്തു. അതുമാത്രമല്ല, തന്റെ ഭവനം ക്രൈസ്തവ സുവിശേഷ പ്രവർത്തനങ്ങൾക്കുവേണ്ടി വിട്ടുകൊടുക്കുകയും ചെയ്തു.

ലുദിയ എന്ന വാക്കിന്റെ അർത്ഥം വളയുന്ന അല്ലെങ്കിൽ വഴങ്ങുന്ന എന്നാണ്. ഏഷ്യാ മൈനറിലെ ഒരു പ്രവിശ്യയുടെ പേരും ലുദിയ എന്നായിരുന്നു. അവിടുത്തെ തുയത്തൈര പട്ടണം ഒരു വലിയ കച്ചവടകേന്ദ്രമായിരുന്നു. അവിടെനിന്നും ചായം മുക്കിയ പട്ടുവസ്ത്രങ്ങൾ മക്കദോന്യ പ്രദേശങ്ങളിൽ കൊണ്ടുവിൽക്കുകയും അങ്ങനെ വളരെ ലാഭമുണ്ടാക്കുകയും ചെയ്തവളായിരുന്നു അവൾ. (അപ്പോ. പ്രവ. 16:11-15) വെളിപാടു പുസ്തകത്തിൽ യോഹന്നാൻ ശ്ലീഹാ തുയത്തൈര പട്ടണത്തിലെ സഭക്കു ലേഖനം എഴുതുന്നുണ്ട്.

അവൾ പട്ടുവസ്ത്ര വ്യാപാരം നടത്തിവന്ന ഒരു വനിത എന്ന നിലയിൽ വളരെ സമ്പന്നയും ആയിരുന്നു. അവളുടെ വീട് വ്യാപാരവുമായി ബന്ധപ്പെട്ടു അവളോടൊപ്പം ഉണ്ടായിരുന്ന ഏവർക്കും പാർക്കുവാൻ തക്കവണ്ണം വിസ്തൃതവും ആയിരുന്നു. അവൾ വിവാഹിതയായിരുന്നോ അല്ലയോ എന്നൊന്നും വ്യക്തമല്ല. ആയതിനാൽ അവളുടെ കുടുംബം എന്നു വിശേഷിപ്പിച്ചിരിക്കുന്നത് ഭർത്താവിനെക്കുറിച്ചും മക്കളെക്കുറിച്ചുമാണോ അതോ മറ്റു ബന്ധുജനങ്ങളെക്കുറിച്ചു മാത്രമാണോ എന്നു വ്യക്തമല്ല.

ഏതായാലും ഇന്നത്തേപ്പോലെ വാഹന സൗകര്യങ്ങൾ ഇല്ലാതിരുന്ന അക്കാലത്ത് വേറൊരു രാജ്യത്തുനിന്നും തുണിത്തരങ്ങൾ ഇറക്കുമതി ചെയ്തു വ്യവസായത്തിൽ ഏർപ്പെടുവാനുള്ള ധൈര്യം ഒരു മഹതിക്കു ഉണ്ടായി എന്നതു എടുത്തു പറയത്തക്ക കാര്യമാണ്. പ്രത്യേകിച്ചും സ്ത്രീകൾക്ക് ഇന്നത്തേപ്പോലെയുള്ള സ്വാതന്ത്ര്യമോ നിയമപരിരക്ഷയോ ഒന്നും അക്കാലത്തുണ്ടായിരുന്നില്ല. ദൈവത്തിൽ ആശ്രയിച്ചുകൊണ്ടു കഠിനാദ്ധ്വാനം ചെയ്യുവാനും മുന്നേറുവാനുമുള്ള ധൈര്യമാണ് അവളിൽ നാം കാണുന്നത്.

പൗലോസ് ശീലാസിനോടും, തിമോത്തിയോസിനോടും, ലൂക്കോസിനോടും ഒപ്പമുള്ള തന്റെ മിഷനറി യാത്രയിൽ ഫിലിപ്യയിൽ എത്തിച്ചേർന്നു. അവിടെ ശബ്ബത്തു നാളുകളിൽ പുഴവക്കത്തു ഒരു പ്രത്യേക സ്ഥലത്തു യഹൂദ സ്ത്രീകൾ ആരാധനക്കായി കൂടിവരുന്നേടത്തു അവരും എത്തിച്ചേർന്നു. പൗലോസ് അവിടെ നടത്തിയ സുവിശേഷ പ്രസംഗം ലുദിയ വളരെ ശ്രദ്ധയോടെ കേട്ടുകൊണ്ടിരുന്നു. യേശുവിന്റെ രക്ഷണ്യ പ്രവർത്തനങ്ങളെക്കുറിച്ചുള്ളതായ ആ പ്രബോധനം അവളുടെ ഹൃദയത്തെ പിടിച്ചുകുലുക്കി. അവിടെവച്ചു അവൾ ക്രിസ്തുവിനെ തന്റെ രക്ഷിതാവായി സ്വീകരിച്ചു.

അവൾ കേട്ടതായ വചനം അവൾ ആ വീട്ടിലുള്ള മറ്റുള്ളവരോടും അറിയിക്കുന്നു. അവരും ക്രിസ്തീയ വിശ്വാസത്തിലേക്കു വരുവാൻ അവളുടെ പ്രബോധനം മുഖാന്തിരമായിത്തീരുന്നു. അങ്ങനെ ഏതാനും ദിവസങ്ങൾക്കുള്ളിൽ അവൾ തന്റെ കുടുംബത്തിലുള്ള എല്ലാവരെയും പൗലോസിന്റെ പക്കൽ കൊണ്ടു എത്തിക്കുന്നു. അവളും കുടുംബവും സ്നാനമേറ്റു സഭയോടു ചേരുവാൻ (അപ്പോ. പ്രവ. 16:15) അവളുടെ വിശ്വാസവും സാക്ഷ്യവും മുഖാന്തിരമായിത്തീരുന്നു.

അവൾ ഒരു ക്രിസ്ത്യാനി ആയിത്തീർന്ന ശേഷം പൗലോസിനെയും ശീലാസിനെയും മറ്റു മിഷനറിമാരെയും വീട്ടിലേക്കു ക്ഷണിച്ചുവരുത്തുന്നു. "പ്രവാചകൻ എന്നുവച്ചു പ്രവാചകനെ കൈക്കൊള്ളുന്നവനു പ്രവാചകന്റെ പ്രതിഫലം ലഭിക്കുന്നു; നീതിമാൻ എന്നുവച്ചു നീതിമാനെ കൈക്കൊള്ളുന്നവനു നീതിമാന്റെ പ്രതിഫലം ലഭിക്കുന്നു. " (മത്താ. 10:41) തനിക്കു ദൈവം അതിനനുസരിച്ചു പ്രതിഫലം കൊടുക്കും എന്നതിനെക്കാൾ അധികമായി അവരെ ശുശ്രൂഷിക്കുന്നതും സത്കരിക്കുന്നതും ഒരു വലിയ ക്രിസ്തീയ ധർമ്മമായി അവൾ കരുതി.

തന്റെ വീട് സുവിശേഷത്തിന്റെ ഒരു കേന്ദ്രമായി അവൾ മാറ്റുകയായിരുന്നു. പൗലോസും മറ്റു സുവിശേഷകരും അവിടെ താമസിച്ചുകൊണ്ടു പ്രവർത്തനം ആരംഭിച്ചപ്പോൾ അത് അനേകർ വിശ്വാസത്തിലേക്കും കൂട്ടായ്മയുടെ അനുഭവത്തിലേക്കും വരുവാൻ മുഖാന്തിരമായി. ചില സ്ഥലങ്ങളിൽ നിന്നും എതിർപ്പുകളും ഉണ്ടായി. വെളിച്ചപ്പാടത്തിയായി ലക്ഷണം പറഞ്ഞു യജമാനൻമാർക്കു പണം സമ്പാദിച്ചുകൊടുത്തിരുന്ന ഒരുവളിൽനിന്നും പൗലോസ് ഭൂതത്തെ പുറത്താക്കുകയാൽ അവർക്കു ലഭിച്ചിരുന്ന ലാഭം നഷ്ടപ്പെട്ടപ്പോൾ പൗലോസിനെയും ശീലാസിനെയും അവർ പിടിച്ചു അധിപതികളുടെ അടുത്തേക്ക് കൊണ്ടുപോയി.

അങ്ങനെ തടവിലാക്കപ്പെട്ട പൗലോസും ശീലാസും അർദ്ധരാത്രിയിലും ദൈവത്തെ പാടിസ്തുതിച്ചുകൊണ്ടിരുന്നു. അപ്പോൾ വലിയൊരു ഭൂകമ്പം ഉണ്ടാവുകയും എല്ലാവരുടെയും കൈമേൽനിന്നു ചങ്ങല അഴിഞ്ഞുവീഴുകയും ചെയ്തു. തടവുകാർ രക്ഷപെട്ടു എന്നു ചിന്തിച്ചുകൊണ്ടു ആത്മഹത്യക്കു ശ്രമിച്ച കാരാഗൃഹപ്രമാണിയെ പൗലോസ് വിലക്കുന്നു. തങ്ങൾ ഓടിപ്പോയിട്ടില്ല അവിടെത്തന്നെയുണ്ട് എന്നു അറിയിക്കുന്നു. ഈ അതിശയം കണ്ട് ഭ്രമിച്ചുപോയ കാരാഗൃഹപ്രമാണിയോടു പൗലോസ് ദൈവവചനം അറിയിക്കുകയും അവനും കുടുംബവും സ്നാനപ്പെട്ടു സഭയുടെ അംഗങ്ങളായിത്തീരുകയും ചെയ്യുന്നു.

പിറ്റേന്നു തടവിൽ നിന്നും വിമോചിതരായശേഷവും അവർ പോകുന്നതു ലുദിയയുടെ ഭവനത്തിലേക്കാണ്. അവിടെയെത്തി അവിടെയുണ്ടായിരുന്ന മറ്റു ക്രിസ്തീയ പ്രവർത്തകരെ ആശ്വസിപ്പിച്ച ശേഷം അവർ അവിടം വിട്ടുപോകുന്നു. അങ്ങനെ അവളുടെ ഭവനം ആദിമകാലത്തെ ക്രൈസ്തവ പ്രവർത്തനങ്ങൾക്കു ഒരു വലിയ മുതൽക്കൂട്ടായി. തന്റെ വ്യാപാരത്തിൽ മാത്രം ഒതുങ്ങി നിൽക്കാതെ ആദിമ ക്രൈസ്തവ സഭയ്ക്കു ശക്തമായ പിന്തുണയും നേതൃത്വവും നൽകുന്ന ഒരു വനിതയായി അവൾ ഉയർന്നു.

രണ്ടു വിശേഷണങ്ങളാണു അവളെപ്പറ്റി എടുത്തു പറഞ്ഞിരിക്കുന്നത്. ഒന്ന്, ദൈവഭക്തയായ സ്ത്രീ (അപ്പോ.പ്രവ.16:14) രണ്ട്, കർത്താവിൽ വിശ്വസ്ത (16:15). അവൾ ക്രിസ്തുമാർഗ്ഗത്തിൽ വരുന്നതിനു മുമ്പുതന്നെ ദൈവഭക്തയായിരുന്നു. ദൈവം തന്റെ ഏകജാതനായ പുത്രനിൽക്കൂടി മനുഷ്യവർഗ്ഗത്തിനു ചെയ്ത രക്ഷയെക്കുറിച്ചു അറിഞ്ഞപ്പോൾ അവളുടെ ഭക്തിയും പതിൻമടങ്ങായി വർദ്ധിച്ചു എന്നു ചിന്തിക്കാം. "യഹോവേ രക്ഷിക്കണമേ ഭക്തന്മാർ ഇല്ലാതെ പോകുന്നു. വിശ്വസ്തന്മാർ മനുഷ്യപുത്രന്മാരിൽ കുറഞ്ഞിരിക്കുന്നു. (സങ്കീ. 12:1) എന്നാണല്ലോ ദാവീദ് വിലപിക്കുന്നത്. ഭക്തന്മാരുടെ കുറവ് എക്കാലത്തെയും ഒരു പോരായ്മയാണ്.

അതുപോലെ വിശ്വസ്തത ഉള്ളവരെ മാത്രമെ എന്തെങ്കിലും ഏല്പിക്കുവാൻ കഴിയൂ. യജമാനൻ വരുന്നതുവരെയും മുന്തിരിത്തോപ്പിൽ പണിയെടുക്കുന്ന വിശ്വസ്തരായ ജോലിക്കാരെയാണു ദൈവം തിരയുന്നത്. ഈ രണ്ടു സത്ഗുണങ്ങളും കൈമുതലായുണ്ടായിരുന്ന അവൾ ക്രൈസ്തവ സഭയ്ക്ക് ഒരു വലിയ മുതൽക്കൂട്ടായിരുന്നു.

അവളുടെ ഭവനം യൂറോപ്പിലെ ആദ്യ ക്രൈസ്തവ ദേവാലയമായി. അനേകർ അവിടെ കൂടിവന്നു ആരാധന കഴിച്ചു. അവരുടെ കൂട്ടത്തിലെ പ്രമുഖ വനിതകളായിരുന്നു യുവോദ്യയും സുന്തൂകയും (ഫിലി. 4:2). ഫിലിപ്യയിലെ സഭ പൗലോസ് ശ്ലീഹായ്ക്കു ഉദാരമായ സാമ്പത്തികസഹായം ചെയ്തിരുന്നതായി ഫിലിപ്യ ലേഖനത്തിൽനിന്നും നാം മനസ്സിലാക്കുന്നു. സുവിശേഷ ഘോഷണത്തിൽ തീക്ഷ്ണത പുലർത്തിയ ഈ സഭയിലെ ആദ്യ അംഗം എന്ന നിലയിൽ ലുദിയക്കു തീർച്ചയായും ദൈവസന്നിധിയിൽ അഭിമാനിക്കാം.

(ശേഷം പേജ് 5-ൽ)

# വിവാഹജീവിതത്തിന്റെ പവിത്രത നഷ്ടപ്പെടുന്നുവോ?

സി.പി.സൈമൺ, ചെമ്പകത്തിനാൽ, അടൂർ

വിവാഹം ഇന്ന് ഒരു ഉടമ്പടിയായി തരംതാണിരിക്കുന്നു. എന്നാൽ സുറിയാനി ക്രിസ്ത്യാനികൾക്ക് അംഗീകരിക്കപ്പെട്ടിട്ടുള്ള ഏഴ് കൂദാശകളിൽ ഒന്നാണ് വിവാഹം. വിവാഹം ഇന്ന് ആഡംബരങ്ങളുടെ ഘോഷയാത്രയായി പരിണമിച്ചിരിക്കുന്നു. ധനത്തിന്റെ കൊഴുപ്പ് വിളിച്ചറിയിക്കുന്ന പ്രദർശനം അത്രമാത്രം. വിവാഹകൂദാശ സമയത്ത് വായിക്കപ്പെടുന്ന വിശുദ്ധ ഗ്രന്ഥത്തിലെ ഭാഗങ്ങൾ അപഗ്രഥിച്ചാൽ വിവാഹം എത്രമാത്രം പവിത്രമാണെന്ന് മനസ്സിലാക്കാവുന്നതാണ്. വിവാഹത്തിന്റെ അന്തസത്ത 1+1=2 എന്നല്ല 1*1=1 എന്നാകുന്നു. ആദിയിൽ ദൈവം അവരെ ആണും പെണ്ണുമായിട്ട് സൃഷ്ടിച്ചു. അതുകൊണ്ട് ഒരു മനുഷ്യൻ മാതാവിനെയും പിതാവിനെയും വിട്ട് തന്റെ ഭാര്യയോട് പറ്റിച്ചേരും. അവർ ഇരുവരും ഒരു ദേഹമായിത്തീരുകയും ചെയ്യും എന്ന് നിങ്ങൾ വായിച്ചിട്ടില്ലയോ? അതുകൊണ്ട് അതുമുതൽ അവർ രണ്ടല്ല ഒരു ദേഹമത്രെ. അതിനാൽ ദൈവം കൂട്ടിച്ചേർത്തത് മനുഷ്യൻ ഒരിക്കലും വേർപെടുത്തിക്കൂടാ. വി.മത്താ.19:4-6 ഇപ്പോൾ ഇത് എന്റെ അസ്ഥിയിൽനിന്നുള്ള അസ്ഥിയും മാംസത്തിൽനിന്നുള്ള മാംസവുമാകുന്നു. ഇവൾ നാരി എന്ന് വിളിക്കപ്പെട്ടു. എന്തെന്നാൽ അവൾ നരനിൽനിന്നും എടുക്കപ്പെട്ടവളാകുന്നു. ഇതുനിമിത്തം പുരുഷൻ തന്റെ അപ്പനെയും അമ്മയേയും വിട്ട് തന്റെ ഭാര്യയോട് പറ്റിച്ചേരണം. അവർ ഒരു ജഡമായിത്തീരും (ഉല്പ.2:23-24).

കൂദാശ എന്ന സുറിയാനി പദത്തിന്റെ അർത്ഥം വിശുദ്ധീകരിക്കുന്നു എന്നാണ്. കൂദാശ എന്നാൽ അദൃശ്യമായ ദൈവവരപ്രസാദം നൽകുന്നതിന് മശിഹാ സ്ഥാപിച്ച ദൃശ്യ അടയാളമാകുന്നു. യേശുക്രിസ്തുവിൽ പൂർത്തിയായ രക്ഷാകര രഹസ്യങ്ങളാണ് കൂദാശകളിലൂടെ വെളിപ്പെടുന്നത്. സുറിയാനി ക്രിസ്ത്യാനികൾക്ക് വിവാഹം വേർപിരിഞ്ഞ് കൂടാതെവണ്ണം അവരെ ബന്ധിപ്പിക്കുകയും അവർക്ക് ദൈവത്തിൽനിന്ന് അനുഗ്രഹങ്ങളും വാഴ്വും പകർന്നുകൊടുക്കുകയും ചെയ്യുന്നതാണ് വിശുദ്ധ കൂദാശ. വധൂവരന്മാരെ ദൈവം യോജിപ്പിക്കുന്നതാകയാൽ ദൈവത്തിന്റെ സ്ഥാനപതിയായ പുരോഹിതൻ ഇല്ലാതെ ഒരു വിവാഹവും പൂർണ്ണമാകുന്നില്ല. ഇതാണ് ക്രൈസ്തവ സഭാപാരമ്പര്യമായി പഠിപ്പിക്കുന്നത്. ദൈവം കൂട്ടിയോജിപ്പിച്ചതിനെ മനുഷ്യൻ വേർതിരിക്കാൻ ശ്രമിക്ക

(ശേഷം പേജ് 3-ൽ)


## ഗിവ് സൈറ്റ് പ്രോജക്റ്റ് വഴി ഒരന്ധന് കാഴ്ച നൽകുക

**എം.ഒ.എസ്.സി. മെഡിക്കൽ മിഷൻ ഐ ഹോസ്പിറ്റൽ, പി.ഒ. കാര്യമ്പാടി, വയനാട്, കേരള-673 591, ഫോൺ : 04936-247274, 248034**

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ആഭിമുഖ്യത്തിൽ മിഷന്റെ ഭരണഘടന അനുസരിച്ച് പ.ബാവാ തിരുമേനി പ്രസിഡന്റും, സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ വൈസ് പ്രസിഡന്റുമായി മലബാർ മേഖലയിൽ വയനാട് ജില്ലയിൽ 1986 മുതൽ പ്രശസ്തമായ നിലയിൽ പ്രവർത്തിക്കുന്ന കാര്യമ്പാടി കണ്ണാശുപത്രി പ്രദേശവാസികളുടെ കണ്ണും കാഴ്ചയുമായി മലങ്കരസഭയുടെ അഭിമാനമായി പരിലസിക്കുന്നു. ചികിത്സ തേടുവാൻ മാർഗ്ഗമില്ലാതെ വിഷമിക്കുന്നവർക്ക് എല്ലാവിധ നേത്രചികിത്സയും സൗജന്യമായി നൽകിവരുന്നു. ഗിവ്സൈറ്റ് പദ്ധതിയിലൂടെ 2017 മാർച്ച് വരെ ഇൻട്രാ ഒക്കുലർ ലെൻസ് കണ്ണിൽ വെച്ചുള്ള ആധുനിക താക്കോൽദ്വാര തിമിര ശത്രക്രിയ 5904 പേർക്ക് സൗജന്യമായി നടത്തിക്കൊടുക്കുവാൻ സാധിച്ചു. അതുപോലെ 3553 പേർക്ക് സൗജന്യമായി മറ്റു വിവിധ ശസ്ത്രക്രിയകൾ നടത്തുകയുണ്ടായി. വയനാട്ടിലെ ഒരു ഉൾനാടൻ ഗ്രാമത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനം ഇതിനകം രണ്ടരകോടി (2.5കോടി) രൂപയുടെ സൗജന്യചികിത്സ നൽകുവാൻ സാധിച്ചത് സുമനസ്സുകളുടെ സഹകരണംകൊണ്ട് മാത്രമാണ്. ഗിവ്സൈറ്റ് പദ്ധതിവഴി ഒരു ശസ്ത്രക്രിയക്ക് 2000/- (രണ്ടായിരം) രൂപ വെച്ച് എത്ര ശസ്ത്രക്രിയവേണമെങ്കിലും താൽപര്യമുള്ളവർക്ക് സ്പോൺസർ ചെയ്യാവുന്നതാണ്. ഓരോ ശസ്ത്രക്രിയയ്ക്കും കൂടുതലായി വേണ്ടിവരുന്ന തുക ആശുപത്രിയുടെ ചുമതലയിൽ കണ്ടെത്തുന്നതാണ്. ഏവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു. ഇതുവരെ നൽകിയ സഹായങ്ങൾക്ക് ഏവരോടും നന്ദി അറിയിക്കുന്നു.

നിങ്ങളുടെ സംഭാവനകൾ ചെക്ക്/ഡി.ഡി./എം.ഒ. ആയോ മീനങ്ങാടി കാനറാ ബാങ്ക് ശാഖയിലെ SB A/C 0827101010768 നമ്പറിലേക്ക് ബാങ്ക് മുഖേന നേരിട്ടോ തരാവുന്നതാണ്. IFS Code CNRB0000827 ആണ്. ബാങ്ക് മുഖേന അയക്കുന്നവർ ടെലഫോൺ മുഖേനയോ കത്തയച്ചോ വിവരം അറിയിച്ചാൽ രസീത് വേഗത്തിൽ അയച്ചുതരുവാൻ സാധിക്കുമായിരുന്നു. NRI അക്കൗണ്ടിൽനിന്ന് പണം അയക്കുന്നവർ ആശുപത്രിയുടെ FCRA അക്കൗണ്ട് 0827101010684 നമ്പറിലേക്ക് അയക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം

ചെക്കിലും ഡി.ഡി.യിലും Treasurer, Give Sight Project, Treasurer, MOSC MM Eye Hospital, Kariambadi എന്ന് എഴുതി ക്രോസ് ചെയ്ത് അയക്കാൻ ശ്രമിക്കുമല്ലോ.

**ഗവേണിംഗ് ബോർഡിനുവേണ്ടി, സെക്രട്ടറി**

**റവ.അബ്രഹാം മാത്യു എടയക്കാട്ട് കോർഎപ്പിസ്കോപ്പാ**

Mob : 9446733201

# ഹൈക്കോടതിവിധിയനുസരിച്ച് കായംകുളത്ത് ശവസംസ്ക്കാരം

കായംകുളം : കാദീശാ ഓർത്തഡോക്സ് പള്ളിയിൽ യാക്കോബായ വിശ്വാസിയുടെ ശവസംസ്ക്കാരം ഹൈക്കോടതി ഉത്തരവനുസരിച്ച് ഹൈക്കോടതി നിരീക്ഷകന്റെ സാന്നിധ്യത്തിൽ നടത്തി. തർക്കം നിലനിൽക്കുന്ന പശ്ചാത്തലത്തിൽ കഴിഞ്ഞദിവസം നിര്യാതനായ യാക്കോബായ വിശ്വാസിയുടെ സംസ്ക്കാരം സംബന്ധിച്ചും തർക്കമുണ്ടായി. ഇരുവിഭാഗവും വ്യത്യസ്ത നിലപാടുകളിൽ ഉറച്ചുനിന്നതിനെതുടർന്ന് ജില്ലാ കളക്ടർ, ആർഡിഒ, പോലീസ് ഉദ്യോഗസ്ഥർ എന്നിവരുടെ സാന്നിധ്യതതിൽ ചർച്ച നടന്നെങ്കിലും തീരുമാനമായില്ല. അതേതുടർന്ന് പാത്രിയർക്കീസ് വിഭാഗം ഹൈക്കോടതിയെ സമീപിക്കുകയായിരുന്നു. വൈദികർ സെമിത്തേരിയിൽ പ്രവേശിക്കാതെ 5 അയ്മേനികൾക്ക് പ്രവേശിച്ച് ശവസംസ്ക്കാരം നടത്തുന്നതായിരുന്നു മുൻ ധാരണ. സുപ്രീംകോടതിയുടെ വിധിയുടെ പശ്ചാത്തലത്തിൽ സുപ്രീംകോടതിവിധിയും 1934-ലെ ഭരണഘടനയും അനുസരിക്കുന്നുവെന്ന് സമ്മതിക്കാതെ അടക്കാൻ സമ്മതിക്കുകയില്ലെന്ന് ഓർത്തഡോക്സ് വിഭാഗവും, അത് സമ്മതിക്കാൻ തയ്യാറല്ലെന്ന് യാക്കോബായ വിഭാഗവും നിലപാടെടുത്തതിനാലാണ് ഒത്തുതീർപ്പാകാഞ്ഞത്. കേസ് പരിഗണിച്ച ഹൈക്കോടതി ഇരുവിഭാഗത്തിന്റെയും വാദം കേട്ടതിനുശേഷം മൃതശരീരം വെച്ചുതാമസിക്കുന്നത് ശരിയല്ലെന്നു അഭിപ്രായപ്പെടുകയും ഹൈക്കോടതിനിരീക്ഷകന്റെ സാന്നിധ്യത്തിൽ 25 അത്മായർ ശവക്കോട്ടയിൽ പ്രവേശിച്ച് ശവസംസ്ക്കാരം നടത്തണമെന്നും ഇടക്കാല ഉത്തവ് പുറപ്പെടുവിച്ചു അതനുസരിച്ച് ഹക്കോടതി നിരീക്ഷകനെത്തുകയും വൈകിട്ട് എട്ടുമണിയോടെ സംസ്ക്കാരം നടത്തുകയും ചെയ്തു. കേസ് വിശദമായി കോടതി പിന്നീട് പരിഗണിക്കും.

# കായംകുളം സംഭവത്തിന്റെ വിശദീകരണം

ഇന്നലെ (23-11-2017) കായംകുളം കാദീശാ ഓർത്തഡോക്സ് കത്തീഡ്രലിൽ വിഘടിത വിഭാഗം വിശ്വാസിയുടെ ശവസംസ്ക്കാരവുമായി ബന്ധപ്പെട്ടു നടന്ന തർക്കങ്ങളും ഹൈക്കോടതിയിൽനിന്ന് ലഭിച്ച വിധിയും അതിന് ശേഷം വിഘടിത വിഭാഗം സോഷ്യൽ മീഡിയാകളിൽ നടത്തുന്ന പ്രചരണങ്ങളും തികച്ചും തെറ്റിദ്ധാരണാപരമാണ്.

2017 ജൂലൈ മാസത്തിലെ സുപ്രീംകോടതിവിധി അനുശാസിക്കുന്ന പോലെ ശവസംസ്ക്കാരം നടത്തണമെന്ന് മലങ്കര ഓർത്തഡോക്സ് സഭാ പ്രതിനിധികൾ ആവശ്യപ്പെട്ടു. സുപ്രീംകോടതിവിധി അനുശാസിക്കുന്നതുപോലെ 34-ലെ ഭരണഘടന അംഗീകരിച്ച് കുഴിക്കാണം കെട്ടി അടക്കം നടത്താൻ ആരും തടസ്സമായിരുന്നില്ല.

മറിച്ച് സുപ്രീംകോടതിവിധി അംഗീകരിക്കില്ല എന്ന് വിഘടിത വിഭാഗത്തിന്റെ വാശി മൃതദേഹം തെരുവിൽ വച്ച് വില പേശേണ്ട തലത്തിലേക്ക് കാര്യങ്ങളെ കൊണ്ടെത്തിച്ചു.

ആർഡിഒയുടെയും കലക്ടറുടെയും മദ്ധ്യസ്ഥതയിൽ നടന്ന ചർച്ചയിൽ വിഘടിത വിഭാഗം നിലപാട് കടുപ്പിച്ചു. തുടർന്ന് കേരളാ ഹൈക്കോടതിയിൽ നിന്നുള്ള വിധി കാത്തുനിൽക്കേണ്ട അവസ്ഥയിലേക്ക് കാര്യങ്ങളെ കൊണ്ടെത്തിച്ചു. 1934-ലെ ഭരണഘടന ഒരു സഭയുടെ കേവലമൊരു പ്രവർത്തന ചട്ടക്കൂട് എന്നിരിക്കെ അതിനെ സത്യവിശ്വാസ സംരക്ഷണത്തിന്റെ പേരിൽ വിശ്വാസികളെ തെറ്റിദ്ധരിപ്പിക്കാൻ വിഘടിത വിഭാഗം നേതാക്കൾ ശ്രമിച്ചു.

1934-ലെ ഭരണഘടന അനുശാസിക്കാത്ത ഒരാൾക്കും മലങ്കരസഭയുടെ പള്ളികളിലോ സെമിത്തേരിയുൾപ്പെടെയുള്ള സ്വത്തുവകകളിലോ അവകാശമില്ലായെന്ന് സുപ്രീംകോടതി വിധി കായംകുളത്ത് ബാധകമല്ലെന്നുണ്ടോ. അപ്പോൾ സുപ്രീംകോടതി വിധി ബാധകമല്ല, മാനുഷിക പരിഗണനയും ഇടക്കാല പരിഹാരത്തിനുംവേണ്ടി ഹൈക്കോടതിയിൽനിന്നുണ്ടായ ഇടക്കാല ഉത്തരവ് വിഘടിതർക്ക് അനുകൂലമായതിനാൽ അത് ബാധകവുമാകുന്ന അവസ്ഥ. ഇതിൽനിന്ന് വ്യക്തമല്ലെ വിഘടിതവിഭാഗത്തിന് കോടതി വിധികളോടുണ്ടായിരിക്കുന്ന ഇരട്ടത്താപ്പ് നയം.

1934-ന്റെ മേൽ ഹൈക്കോടതിയുടെ ശവമടക്ക് എന്ന് പറഞ്ഞ് വ്യാജവാർത്ത പ്രചരിപ്പിച്ച എല്ലാ സഹോദരങ്ങളും ഈ പത്രവാർത്തയൊന്ന് വായിക്കണം. വളരെ വ്യക്തമായി പറയുന്നു.

എതിർവാദം (മലങ്കര ഓർത്തഡോക്സ് സഭയുടെ) പരിഗണിക്കാതെ തീരുമാനം സാധ്യമല്ല. ഇത് ഇടക്കാല പരിഹാരത്തിനുവേണ്ടിയുള്ള ഉത്തരവാണ് (മാനുഷിക പരിഗണന) സെമിത്തേരിയിൽ യാക്കോബായ സഭയുടെ ചടങ്ങുകൾ പാടില്ല. 25-ൽ കൂടുതൽ പേർ മൃതദേഹത്തെ അനുഗമിക്കരുത്.

തീർന്നില്ലെ കാര്യം. ഒരു ഭാഗം മാത്രം കേട്ട് വിധി പുറപ്പെടുവിച്ചതാണെന്ന് വ്യക്തമല്ലെ. അത് പുനപരിശോധിക്കണമെന്നാവശ്യപ്പെട്ട് മലങ്കരസഭ പോയിരുന്നെങ്കിൽ അടക്കം വീണ്ടും നീണ്ടുപോകുമായിരുന്ന അവസ്ഥ. മരിച്ച വ്യക്തിയുടെ കുടുംബത്തിനില്ലാത്ത വാശി സഭാനേതൃത്വം കൈക്കൊണ്ടപ്പോൾ മരിച്ച വിശ്വാസിക്ക് നഷ്ടമായത് സമാധാനപരമായ ഒരു ശവസംസ്ക്കാരം. ചിന്തിക്കുക നിങ്ങൾ വിശ്വാസികളെ അടക്കം ചെയ്യാൻ സ്വന്തമായി മണ്ണില്ലാത്ത സഭയെന്ന പേരല്ലാതെ പൊതുജനമദ്ധ്യേ നിങ്ങളെന്ത് നേടി?

ഓർത്തഡോക്സ് സഭാവിശ്വാസിയുടെ ശവസംസ്ക്കാരം തടയാൻ കോലഞ്ചേരിയിൽ വിഘടിതവിഭാഗം നേതാവ് നേരിട്ടെത്തിയപ്പോൾ കോതമംഗലത്ത് കുഞ്ഞാടുകൾ കുറുക്കനെ അനുകരിച്ചു പിറവത്തും വടവുകോടുമുൾപ്പെടെയുള്ള പ്രദേശങ്ങളിലും സ്ഥിതി മറിച്ചല്ല. മലങ്കരസഭാവിശ്വാസികൾ അതുപോലെ നെറിവുകെട്ടവരല്ലെന്നു കാദീശാപള്ളി സാക്ഷിയാക്കുന്നു.

**അഡ്വ.ജോസഫ് ജോൺ, കായംകുളം**

# കായംകുളം ആവർത്തിക്കാതിരിക്കാൻ നിഷ്ക്രിയമായ ലീഗൽ സെൽ പുനസംഘടിപ്പിക്കണം

സഹോദരങ്ങളെ,

കായംകുളം കാദീശാ പള്ളിയിൽ യാക്കോബായ വിഭാഗക്കാരുടെ അടക്കത്തിന് ഒരു പ്രത്യേക സജ്ജീകരണം ഉണ്ടായിരുന്നു എന്നറിയുന്നു. അതായത് അടക്കത്തിന് ഒരു അപേക്ഷ ട്രസ്റ്റിക്കു നൽകുകയും കുഴിക്കാണം അടയ്ക്കുകയും ചെയ്താൽ അവിടെ മൃതദേഹങ്ങൾ അഞ്ച് ആൾക്കാരുടെ സാന്നിധ്യത്തിൽ അവർക്ക് അടക്കുവാൻ സാധിക്കുമായിരുന്നു.

ഈ അപേക്ഷയിൽ ഞാൻ 1934-ലെ ഭരണഘടന അംഗീകരിക്കുന്നു എന്ന് ഒരു ക്ലോസ് പുതുതായി എഴുതിചേർത്തു. അത് അംഗീകരിക്കുവാൻ മൃതശരീരം സംസ്ക്കരിക്കുവാൻ എത്തിയവരോട് ആവശ്യപ്പെടുകയായിരുന്നു. ഞാനറിഞ്ഞിടത്തോളം ഇതിനെചൊല്ലിയായിരുന്നു ബഹുമാനപ്പെട്ട കളക്ടറുമായുള്ള ചർച്ചയിൽ ഉണ്ടായ തർക്കം.

ജൂലൈ മൂന്നിന്റെ വിധിനടത്തിപ്പ് നടക്കുന്നതുവരെ സ്റ്റാറ്റസ്കോ നിലനിർത്തണമെന്ന് അവരാവശ്യപ്പെട്ടു. ഇതിനെതുടർന്ന് കലക്ടർ ഒരു ഡെഡ് ബോഡി വെച്ച് നിർബന്ധം പിടിക്കരുതെന്നും നിങ്ങൾ മുകളിൽ പറഞ്ഞ ക്ലോസിന് പകരം ജൂലൈ 3

(ശേഷം പേജ് 4-ൽ)

# വിവാഹജീവിതത്തിന്റെ....പേജ് 2-ൽനിന്ന്

രുത്. തിരുശരീര രക്തങ്ങൾ അനുഭവിച്ച ഒരു വ്യക്തിക്ക് ആദ്യാക്ഷരം കുറിച്ച നാവും എങ്ങനെ വേർപിരിയൽ എന്ന വാക്ക് ഉച്ചരിക്കുവാൻ സാധിക്കും? പൗലോസ് ശ്ലീഹാ 1കൊരി 7:10-11 വാക്യത്തിൽ വിവാഹിതരോട് ഞാൻ ആജ്ഞാപിക്കുന്നു ഭാര്യയെ ഉപേക്ഷിച്ചുകൂടാ, പ്രേമിച്ചുള്ള വിവാഹത്തോടുകൂടി സ്നേഹം ഉപരിപ്ലവമാക്കുകയും മറിച്ചുള്ള വിവാഹത്തോടുകൂടി സ്നേഹം അങ്കരിക്കുകയുമാണ്. വേദഗ്രന്ഥത്തിലെ പ്രസക്ത ഭാഗങ്ങൾ വായിച്ചു ഗ്രഹിക്കുക.

വി.മത്തായി 19:3-12, പത്രോ.3:1-7, 1കൊരി 7:1-4, 1 തെസ്സ.4:3-5, സങ്കീ.127, എബ്രാ.13:4, എഫേ.5:22-33

ആദിമസഭയിൽ വിവാഹദിവസം ഒന്നിച്ച് കുർബ്ബാന അനുഭവിക്കുന്ന രീതിയുണ്ടായിരുന്നു. 4,5 നൂറ്റാണ്ടിലാണ് ഇന്നത്തെ രീതി രൂപാന്തരം പ്രാപിച്ചത്. നാലാം നൂറ്റാണ്ടിൽ കിരീടം വാഴ്ത്തി ദമ്പതികളെ ധരിപ്പിക്കുന്ന രീതി വിവാഹകൂദാശയോട് കൂട്ടിച്ചേർത്തു. ഇന്ന് നാം ഉപയോഗിക്കുന്ന വിവാഹ കൂദാശാ ക്രമം എട്ടാം നൂറ്റാണ്ടുമുതൽ നിലവിൽ വന്നു എന്നാണ് വിശ്വസിക്കപ്പെടുന്നത്. എഡേസ്സായിലെ വി.യാക്കോബാണ് വിവാഹശുശ്രൂഷ എഴുതിയുണ്ടാക്കിയതെന്ന് പ്രാചീന കയ്യെഴുത്ത് പ്രതികളിൽ കാണുന്നുണ്ട്. മരണത്തെ ജയിച്ച ക്രിസ്തായനികൾ ജീവന്റെ കിരീടം പ്രാപിക്കണമെന്ന് വി.പൗലോസ് 1 കൊരി.9:25, 2തിമോ.4:8 തേജസ്സിന്റെ വാടാത്ത കിരീടത്തെക്കുറിച്ചും 1 പത്രോ.5:4ലും പ്രതിപാദിക്കുന്നു. ഈ തേജസ്സിന്റെ വാടാത്ത കിരീടത്തിന്റെ മുൻകുറിയായിട്ടാണ് വിവാഹത്തിൽ കിരീടം ധരിപ്പിക്കുന്നത്. വിവാഹശുശ്രൂഷയിൽ കാർമ്മികൻ ദൈവമാണ്. ദൈവത്തിന്റെ പ്രതിപുരുഷനായിട്ടാണ് പുരോഹിതൻ കർമ്മം ചെയ്യുന്നത്. മണവാളൻ ക്രിസ്തുവിന്റെ സ്ഥാനത്തും മണവാട്ടി സഭയുടെ സ്ഥാനത്തും പങ്കെടുക്കുന്ന ജനം സാക്ഷികളുമാണ്. സഭയിൽ വധൂവരന്മാരെ മോതിരം ഇടീക്കുന്നതും കിരീടം ധരിപ്പിക്കുന്നതും ദൈവത്തിന്റെ പ്രതിനിധിയായ പുരോഹിതനാണ്. പുരോഹിതൻ ഇല്ലാതെ ക്രൈസ്തവ വിവാഹം പൂർണ്ണമാകുന്നില്ല. മിന്ന് കെട്ടുന്നത് ഭാരതീയ സംസ്ക്കാരത്തിൽനിന്ന് ഉടലെടുത്തതാണ്.

വാനിൽ നിന്നുടയോൻ കയ്യാൽ മകുടം ആഘോഷമായി ഇറങ്ങി എന്ന് ദൈവത്തിന്റെ സ്ഥാനത്ത് നിന്നുകൊണ്ട് കാർമ്മികൻ ചെയ്യുന്നതാണ്. ഇതാ ഈ സമയം മുതൽ ഞാൻ നിങ്ങളെ പരസ്പരം ഭരമേൽപ്പിക്കുന്നു. എനിക്കും നിങ്ങൾക്കും ഇടയിൽ ദൈവം മദ്ധ്യസ്ഥനായിരിക്കട്ടെ. നിയമവിരുദ്ധമായി നിങ്ങൾ ചെയ്യുന്ന സകലത്തിലും ഞാൻ നിരപരാധിയായിരിക്കും എന്ന ആശീർവാദത്തോടുകൂടി വിവാഹകൂദാശ പൂർണ്ണമാകുന്നു.

സഭയുടെ മുമ്പാകെ ദൈവം കൂട്ടിച്ചേർത്തതിനെ വേർപിരിക്കുവാൻ സാധ്യമല്ലല്ലോ. ബഹുമാനപ്പെട്ട ഡോ.റ്റി.ജെ.ജോഷാച്ചന്റെ ബൈബിളിലെ 20 കുടുംബങ്ങൾ എന്ന പുസ്തകം ഓരോ കുടുംബത്തിലും സൂക്ഷിക്കേണ്ട വിലപിടിപ്പുള്ള ഒരു പുസ്തകമാണ്. കോപവും വാഗ്ദാനവും കൂടാതെ എല്ലായിടത്തും പുരുഷന്മാർ തങ്ങളുടെ നിർമ്മല കരങ്ങൾ ഉയർത്തി പ്രാർത്ഥിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അതുപോലെതന്നെ ശാലീനവും മാന്യവുമായ വസ്ത്രധാരണം കൊണ്ട് സ്ത്രീകൾ തങ്ങളെത്തന്നെ അലങ്കരിക്കണം. പിന്നിയ മുടി, പൊന്ന്, മുത്ത് വിലയേറിയ വസ്ത്രം ഇവകൊണ്ടല്ല, ദൈവഭക്തിയുള്ള സ്ത്രീകൾക്ക് യോജിച്ചവിധം സൽപ്രവർത്തികൾകൊണ്ടുതന്നെ അവർ അണിഞ്ഞൊരുങ്ങട്ടെ. സ്ത്രീകൾ വിനയപൂർവ്വം മൗനമായിരുന്ന് പൂർണ്ണ അനുസരണത്തോടുകൂടെ പഠിക്കട്ടെ. ഉപദേശിപ്പാനോ പുരുഷന്റെ മേൽ അധികാരം നടത്തുവാനോ അവരെ താൻ അനുവദിക്കുന്നതല്ല. അവർ ശാന്തരായിരിക്കണം. എന്തെന്നാൽ ആദ്യം ആദാം സൃഷ്ടിക്കപ്പെട്ടു. പിന്നെ ഹവ്വായും. ആദാം അല്ല വഞ്ചിക്കപ്പെട്ടത്. സ്ത്രീ വഞ്ചിക്കപ്പെടുകയും നിയമം ലംഘിക്കുകയും ചെയ്തു. എന്നാൽ വിശ്വാസത്തിലും സ്നേഹത്തിലും വിശുദ്ധിയിലും അടക്കമൊതുക്കത്തിലും ജീവിക്കുന്ന പക്ഷം മാതൃത്വത്തിലൂടെ അവൾ സംരക്ഷിക്കപ്പെട്ടു. (1തിമോ.2:8-15) ഉത്തമയായ ഭാര്യയെ കണ്ടെത്തുന്നന് ഭാഗ്യം. അവൻ കർത്താവിൽനിന്നും അനുഗ്രഹം പ്രാപിക്കും. ഉത്തമയായ ഭാര്യയെ പുറന്തള്ളുന്നവൻ അവന്റെ ഭവനത്തിൽനിന്നും നന്മയെയാകുന്നു പുറന്തള്ളുന്നത് (സദൃ.18:22). ഭവനവും സമ്പത്തും പിതാക്കന്മാർ വെച്ചേക്കുന്ന അവകാശം ബുദ്ധിയുള്ള ഭാര്യയോ യഹോവയുടെ ദാനം (സദൃ.19:14). വിവാഹം എല്ലാവിധത്തിലും മാന്യവും അവരുടെ ശയ്യ നിർമ്മലവുമാകുന്നു. വേശ്യാദ്വോഷികളെയും വ്യഭിചാരികളെയും ദൈവം ശിക്ഷയ്ക്ക് വിധിക്കും (എബ്രാ.13:4).

പൗലോസ് അപ്പോസ്തോലൻ ആധുനിക ഘട്ടത്തെ എത്രയോ നൂറ്റാണ്ടുകൾക്ക് മുമ്പ് ദിവ്യദർശനത്തിൽ എഴുതിയത് ഇന്ന് എത്രമാത്രം പ്രസക്തമാകുന്നു. ഓരോ കുടുംബവും ചിന്തിക്കട്ടെ. പഴയകാലത്ത് ഭർത്താവിനുള്ളതിന് പൂർണ്ണ അവകാശി ഭാര്യ, മറിച്ചൊരു ചിന്ത ഇല്ലായിരുന്നു. ഇന്ന് രണ്ടുകൂട്ടരും ധനസമ്പാദകർ ആകുമ്പോൾ അതിൽ കൂടുതൽ കുറവ് അവരുടെ കുടുംബഭദ്രതയെ ബാധിക്കുന്നു. മറ്റുള്ളവരുമായുള്ള താരതമ്യം പണവും പര്പരം വിദ്വേഷത്തിന്റെ വിത്ത് പാകാൻ ഇടയാകുന്നു. ഇത് കണ്ടുവരുന്ന കുഞ്ഞുങ്ങൾ ഭാവിയിൽ അവർ എന്തായിരിക്കും അവരിൽനിന്ന് ഇന്നത്തെ മാതാപിതാക്കൾ പ്രതീക്ഷിക്കുന്നത് എന്ന് ചിന്തിച്ചാൽ നന്ന്. ഈ വിവേചനം കുഞ്ഞുങ്ങളുടെ ഭാവിയിൽ ആവർത്തിക്കാതിരിക്കുമോ. ഇതിന്റെ പൂർത്തീകരണമാണ് പ്രായമായ മാതാപിതാക്കളെ സംരക്ഷിക്കുവാൻ ഇന്ന് വൃദ്ധസദനങ്ങൾ വർദ്ധിച്ചുവരുന്നതിന് കാരണമെന്ന് ചിന്തിച്ചുപോകുന്നതിൽ ക്ഷമിക്കുക. കാലം മറുപടി പറയട്ടെ. പഴയ ഒരു പഴമൊഴി എത്രയോ അർത്ഥവത്താണെന്ന് അതിൽ എല്ലാം അടങ്ങിയിരിക്കുന്നതിൽനിന്ന് മനസ്സിലാക്കാവുന്നതാണ് മരം അറിഞ്ഞോ കൊടി ഇടാവൂ.

# പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവെ എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴികാണിച്ച് തരികയും എന്നോട് മററുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവിക ദാനം തരികയും ചെയ്യുന്നവനും എന്റെ ജീവിതത്തിൽ എല്ലാ ദൈവിക ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നുഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടു കൂടെയായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചേർന്നിരിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്ന് ദിവസം അടുപ്പിച്ച് ചൊല്ലുക മൂന്ന് ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും അപേക്ഷിക്കുന്നതിന് മുമ്പ് താഴെപ്പറഞ്ഞിരിക്കുന്ന രണ്ടുകാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.
2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്രയധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും ഇതു പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

താമസിച്ചതിന് ക്ഷമാപണം

**സാലി മല്ലപ്പള്ളി**

# പ്രതിഭാധനനായ വി.സി.ശമുവേലച്ചൻ മലങ്കരസഭയ്ക്കും ലോകക്രൈസ്തവവേദശാസ്ത്രത്തിനും നൽകിയ സംഭാവനകൾ എക്കാലവും സ്മരിക്കപ്പെടണം.....പേജ് 1–ൽനിന്ന്

രിച്ചിരുന്ന പേരാണതെന്നത് അവർ സൗകര്യപൂർവ്വം വിസ്മരിക്കുന്നു. അതുപോകട്ടെ അതു വേറൊരുകാര്യം.

ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ വേദശാസ്ത്ര നിലപാടുകൾക്ക് വളരെ ശക്തമായ അടിത്തറ പാകി വ്യാഖ്യാനിച്ചിട്ടുള്ള ആളാണ് അന്ത്യോഖ്യയിലെ സേവേറിയോസ്. വി.സി.ശമുവേലച്ചൻ മാർ സേവേറിയോസിന്റെ വേദശാസ്ത്രം ശാസ്ത്രീയമായി കൂടുതൽ സൂഷ്മമായി പഠിച്ചു. അദ്ദേഹത്തിന്റെ നിലപാട് അലക്സാന്ത്രിയായിലെ പ്രസിദ്ധനായ മാർ കൂറിലോസിന്റെ നിലപാടിനോട് പൂർണ്ണമായി യോജിക്കുന്നതാണെന്ന് വി.സി.ശമുവേലച്ചൻ തെളിയിച്ചു. അലക്സാന്ത്ര്യായിലെ കൂറിലോസ് നെസ്തോറിന്റെ വേദവിപരീതത്തിനെതിരെ പോരാടിയ ശക്തനായ വേദശാസ്ത്രജ്ഞനായിരുന്നു. അദ്ദേഹത്തെ സത്യവിശ്വാസത്തിന്റെ കാവൽഭടനായി മുഴുവൻ ക്രൈസ്തവസമൂഹവും അംഗീകരിച്ചിരുന്നു. അദ്ദേഹത്തെയാണ് "വചനമാം ദൈവം ശരീരിയായി തീർന്നു എന്ന് നമ്മുടെ കർത്താവേശുമിശിഹായുടെ മനുഷ്യാവതാരത്തെക്കുറിച്ചു സ്പഷ്ടമായി തെളിയിച്ചവനും, സത്യവാനും ഉന്നത ഗോപുരവുമായ പ്രസിദ്ധനായ മാർ കൂറിലോസ്" എന്നു പറഞ്ഞ് നാം അഞ്ചാം തുബ്ദേനിൽ അനുസ്മരിക്കുന്നത്. കൂറിലോസിന്റെ നിലപാട് സ്തുതിചൊവ്വാക്കപ്പെട്ട വിശ്വാസമാണെന്ന് എല്ലാവരും അംഗീകരിച്ചിരുന്നു. ഓറിയന്റൽ സഭകൾ അതിൽനിന്നും വ്യതിചലിച്ചു എന്നതായിരുന്നു അവർക്കെതിരെയുള്ള ആരോപണം. അതു തെറ്റാണെന്നും അന്ത്യോഖ്യയിലെ സേവേറിയോസ് ഉൾപ്പെടെയുള്ള ഓറിയന്റൽ സഭാപിതാക്കന്മാരുടെയും ഓറിയന്റൽ സഭകളുടെയും നിലപാട് കൂറിലോസിന്റെ നിലപാടിനോട് പൂർണ്ണമായി യോജിക്കുന്നതാണെന്നും വി.സി.ശമുവേലച്ചൻ തെളിയിച്ചു.

അക്കാര്യത്തിൽ ലോക ക്രൈസ്തവ സമൂഹം അദ്ദേഹത്തോട് കടപ്പെട്ടിരിക്കുന്നു. അലക്സാന്ത്ര്യൻ സഭയും അന്ത്യോഖ്യൻസഭയും, അർമ്മീനിയൻ സഭയും എത്യോപ്യൻ സഭയും മലങ്കരസഭയുടെ പുത്രനായ, ഈ ഓമല്ലൂർ പള്ളി ഇടവകക്കാരനായ നമ്മുടെ കുടുംബാംഗമായ വി.സി.ശമുവേലച്ചനോട് കടപ്പെട്ടിരിക്കുന്നുവെന്ന് അഭിമാനത്തോടെ നമ്മുക്ക് പറയുവാൻ സാധിക്കും.

രണ്ടാമതായി എനിക്കു പറയുവാനുള്ളത് മലങ്കരസഭയ്ക്ക് പ്രത്യേകമായി വി.സി.ശമുവേലച്ചൻ നൽകിയ സംഭാനകളെക്കുറിച്ചാണ്. വി.സി.ശമുവേലച്ചനാണ് വൈദിക സെമിനാരിയിൽ എന്നെ കാതോലിക്കാ സിംഹാസന ചരിത്രം പഠിപ്പിച്ചത് – കാതോലിക്കേറ്റിനെക്കുറിച്ചും പഠിപ്പിച്ചത്.

1912–ൽ മലങ്കരയിൽ കാതോലിക്കേറ്റ് പുനസ്ഥാപിച്ചു എന്നാണ് ഞാനൊക്കെ സണ്ടേസ്ക്കൂളിൽ പഠിച്ചിട്ടുള്ളത്. മലങ്കരയിൽ കാതോലിക്കേറ്റ് പുനസ്ഥാപിച്ചു എന്നാണ് മലങ്കരസഭാഭരണഘടനയിലും എഴുതിയരിക്കുന്നത്. അത് തെറ്റാണെന്ന് വളരെ ശക്തമായി പറഞ്ഞ ആളാണ് വി.സി.ശമുവേലച്ചൻ. അദ്ദേഹം സുറിയാനി ഭാഷാപണ്ഡിതനായിരുന്നു. സുറിയാനിയിലെഴുതിയ പുരാതന ചരിത്ര പുസ്തകങ്ങൾ അദ്ദേഹം വായിച്ചു പഠിച്ചിട്ടുണ്ട്. കാതോലിക്കേറ്റിനെക്കുറിച്ചും, കാതോലിക്കേറ്റിന്റെ ചരിത്രത്തെക്കുറിച്ചും പേർഷ്യൻ കാതോലിക്കാ സ്ഥാനം ഉണ്ടായതിനെക്കുറിച്ചും അതിന്റെ വളർച്ചയെക്കുറിച്ചും അതിന്റെ അധികാരവകാശങ്ങളെക്കുറിച്ചും പേർഷ്യയിലെ മഫ്രിയാനാസ്ഥാനത്തെക്കുറിച്ചും മഫ്രിയാനയും കാതോലിക്കായും അന്ത്യോഖ്യാ പാത്രിയർക്കീസും ഒക്കെ തമ്മിലുള്ള ബന്ധത്തെക്കുറിച്ചും മലങ്കരസഭയിൽ ആരേക്കാളും കൂടുതൽ ഭംഗിയായി പഠിച്ചിട്ടുള്ള ആളാണ് വി.സി.ശമുവേലച്ചൻ. ഈവകകാര്യങ്ങളെക്കുറിച്ച് അദ്ദേഹം ഭംഗിയായി എഴുതിയിട്ടുള്ള ഒരു പുസ്തകം ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയിൽനിന്ന് ദിവ്യബോധനം പഠനപദ്ധയുടെ ഭാഗമായി "സഭ വളരുന്നു" എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതെല്ലാവരും വാങ്ങി പഠിക്കേണ്ടതാണ്.

ഞാൻ ഒരു കോളജ് വിദ്യാർത്ഥിയായിരുന്ന കാലത്ത് എനിക്ക് തോന്നുന്നത് 1972–ലോ മറ്റോ നമ്മുടെ പോൾ മണലിൽ ഓർത്തഡോക്സ് യൂത്ത് എന്ന മാസികയിൽ കാതോലിക്കേറ്റിനെക്കുറിച്ച് ഒരു ലേഖനം എഴുതി. അന്ന് അദ്ദേഹവും കോളജ് വിദ്യാർത്ഥിയായിരുന്നു. ആ ലേഖനത്തിൽ മലങ്കരയിലെ കാതോലിക്കേറ്റിന്റെ ഉത്ഭവം പേർഷ്യയിലാണെന്നും, അവിടുന്ന് ഇങ്ങോട്ട് മാറ്റിസ്ഥാപിച്ചു എന്നുമൊക്കെ എഴുതിയിരുന്നു. അതിനെ വിമർശിച്ചു പിന്നീട് ഓർത്തഡോക്സ് യൂത്ത് മാസികയിൽ തന്നെ വി.സി.ശമുവേലച്ചൻ ഒരു ലേഖനമെഴുതി. മലങ്കരയിലെ കാതോലിക്കേറ്റിനെ പേർഷ്യയിലേക്കെങ്ങും വലിച്ചുനീട്ടിക്കൊണ്ടുപോകണ്ട എന്നായിരുന്നു അച്ചൻ എഴുതിയത്. അതു കഴിഞ്ഞ് ബഹു.അച്ചൻ വൈദികസെമിനാരിയിൽ പഠിപ്പിക്കുമ്പോഴാണ് എനിക്ക് അതിനെക്കുറിച്ച് കൂടുതൽ ബോധമുണ്ടാകുന്നത്.

മലങ്കരയിലെ കാതോലിക്കാ സ്ഥാനം പേർഷ്യയിൽനിന്നു പുനസ്ഥാപിച്ചതല്ല; അങ്ങനെ പറയുമ്പോൾ മലങ്കരയിലെ കാതോലിക്കാ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കീഴിലുള്ള ഒരു മഫ്രിയാനാ മാത്രമായി തരംതാഴ്ത്തപ്പെടുകയാണ് എന്ന് കാര്യകാരണസഹിതം വി.സി.ശമുവേലച്ചൻ സ്ഥാപിച്ചു. അതാണ് മലങ്കരസഭാചരിത്രത്തിന് അദ്ദേഹത്തിന്റെ ഏറ്റവും വലിയ സംഭാവന. ബാർ എബ്രായയുടെ സഭാചരിത്രം അദ്ദേഹം വിമർശനാത്മകമായി പഠിച്ചു. ബാർ എബ്രായയുടെ ഹൂദായകാനോൻ അദ്ദേഹം അടിസ്ഥാനരേഖകൾ ആസ്പദമാക്കി പഠിച്ചു. അതിലൊക്കെ വന്നിരിക്കുന്ന ചരിത്രപരമായ പിഴവുകൾ അദ്ദേഹം തുറന്നുകാട്ടി. അവിടെ മികവാർന്ന ഒരു ചരിത്രഗവേഷകന്റെ പ്രശംസനീയമായ ഗവേഷണപാഠവമാണ് നാം കാണുന്നത്.

ഭൂലോകത്തെ നാലു ദിക്കുകളായി വിഭജിച്ച് നാലു പാത്രിയർക്കാ സിംഹാസനങ്ങളുടെ കീഴിലാക്കി എന്ന് ബാർ എബ്രായ നിഖ്യാ സുന്നഹദോസ് അടിസ്ഥാനമാക്കി കാനോനിൽ ചേർത്തിരിക്കുന്നത് നിഖ്യാസുന്നഹദോസിന്റെ തീരുമാനമല്ലെന്ന് അച്ചൻ നിഖ്യാസുന്നഹദോസിന്റെ രേഖകൾ കാണിച്ച് ധൈര്യപൂർവ്വം പഠിപ്പിച്ചു. കാതോലിക്കാ സ്ഥാപനത്തെക്കുറിച്ച് മലങ്കരയിൽ പ്രചരിച്ചിരിക്കുന്ന വിവരണം വെറും കെട്ടുകഥ മാത്രമാണെന്ന് അച്ചൻ സഭ വളരുന്നു എന്ന പുസ്തകത്തിൽ തെളിവുകൾ നിരത്തി എഴുതി. എന്നാൽ ഇന്നും ആ കെട്ടുകഥകളെ ഉയർത്തിക്കാട്ടി കാതോലിക്കാസ്ഥാനം പാത്രിയർക്കാ സ്ഥാനത്തേക്കാൾ പുരാതനമാണെന്നു പ്രസംഗിക്കുന്ന നേതാക്കളും എഴുതുന്ന ചരിത്രകാരന്മാരും മലങ്കരയിലുണ്ടെന്നതാണ് അപമാനകരമായ സ്ഥിതിവിശേഷം. ഇതിനു മാറ്റമുണ്ടാകണം. മലങ്കരസഭയ്ക്ക് പറ്റിയിരിക്കുന്ന ഒരു ഗതികേട് മലങ്കരസഭയുടെ പല ചരിത്രരചനകളും നൂറ്റാണ്ടുകളായി നിലനിൽക്കുന്ന കോടതിവ്യവഹാരങ്ങളുടെ പശ്ചാത്തലത്തിൽ വക്കീലന്മാർ തയ്യാറാക്കിയ രേഖകൾ അടിസ്ഥാനമാക്കി ഉണ്ടാക്കിയിട്ടുള്ളതാണെന്നതാണ്.

19ഉം 20ഉം നൂറ്റാണ്ടുകിൽ മലങ്കരസഭയ്ക്ക് സി.എം.എസ്. മിഷണറിമാരുമായും അന്ത്യോഖ്യൻ സുറിയാനിസഭയുമായും ബന്ധമുണ്ടായി. സി.എം.എസുകാരുമായി സഭ കേസു പറഞ്ഞു. 1876–ലെ മുളന്തുരുത്തി സുന്നഹദോസിനുശേഷം നവീകരണക്കാരുമായി (മാർത്തോമ്മാക്കാർ) സഭ കേസു പറഞ്ഞു. അതിന്റെ അന്തിമവിധിയാണ് 1889–ലെ റോയൽകോടതിവിധി. റോയൽ കോടതിയിൽ മലങ്കരസഭയും മാർത്തോമ്മാസഭയും പ്രത്യേകം പ്രത്യേകം കാനോനുകൾ ഹാജരാക്കി. കേസു ജയിക്കുവാൻ വേണ്ടി വക്കീലന്മാർ നിർദ്ദേശിച്ച രീതിയിൽ രേഖകൾ തയ്യാറാക്കിയാണ് കോടതിയിൽ ഹാജരാക്കിയത്. റോയൽകോടതിയിൽ മലങ്കരസഭ ഹാജരാക്കിയ ഇട്ടൂപ്പിന്റെ ചരിത്രത്തെ വളരെ രൂക്ഷമായി വിമർശിച്ചുകൊണ്ടാണ് ജസ്റ്റിസ് ഓറംസ്ബി വിധിയെഴുതിയത്.

മലങ്കരസഭാചരിത്രപരമായി അധികം ഗ്രന്ഥങ്ങളൊന്നും അക്കാലത്ത് ഉണ്ടായിരുന്നില്ല. പ്രധാന ചരിത്രഗ്രന്ഥമായി ദീവന്നാസിയോസ് വിഭാഗം – അന്നത്തെ യക്കോബായ സഭ അല്ലെങ്കിൽ ഇന്നത്തെ ഓർത്തഡോക്സ് സഭ – കോടതിയിൽ സമർപ്പിച്ചത് പുകടിയിൽ ഇട്ടൂപ്പിന്റെ മലയാളത്തിലുള്ള സുറിയാനി ക്രിസ്ത്യാനികളുടെ ചരിത്രം എന്ന ഗ്രന്ഥമാണ്. ഈ ഗ്രന്ഥം ശരിയായ ഒരു ചരിത്രഗ്രന്ഥമായിരുന്നില്ല. യാഥാർത്ഥ്യങ്ങളുമായി നിരക്കാത്തതും വൈകല്യങ്ങൾ നിറഞ്ഞതുമായ ഒരു ചരിത്രമാണ്, ആ ഗ്രന്ഥത്തിൽ ഉണ്ടായിരുന്നത്. റോയൽ കോടതി വാദം കേട്ട ജഡ്ജിമാരിൽ യൂറോപ്യനായിരുന്ന ജസ്റ്റിസ് ഓറംസ്ബി ഈ ഗ്രന്ഥത്തെക്കുറിച്ച് നടത്തിയിട്ടുള്ള വിലയിരുത്തൽ ശ്രദ്ധാർഹമാണ്. അദ്ദേഹം പറഞ്ഞു. "പൊതുസ്വഭാവം നിലനിർത്തിയുള്ള ഒരു ചരിത്ര രചനയായി ഇട്ടൂപ്പിന്റെ ചരിത്രം എടുക്കുവാൻ കഴിയില്ല. ഈ ഗ്രന്ഥകാരനു ചരിത്രം എഴുതുവാനുള്ള കഴിവുണ്ടോ എന്നു സംശയമാണ്. ചരിത്രമെഴുത്തുകാർക്കുണ്ടായിരിക്കേണ്ട രണ്ടു സുപ്രധാന സവിശേഷതകളായ കൃത്യതയും സമുചിതമായ രേഖകളുടെ അടിസ്ഥാനവും ഇദ്ദേഹത്തിനില്ല. ഗ്രന്ഥകാരൻ പ്രധാനമായും ആശ്രയിച്ചിരിക്കുന്നത് ഉപയോഗശൂന്യമായ രണ്ടാംകിടയോ മൂന്നാംകിടയോ ആയ രേഖകളാണ്. ഒരു രസത്തിന് ചരിത്രമായി കരുതി ഇതു വായിക്കാമെന്നല്ലാതെ വിലയുള്ള ഒരു ഗ്രന്ഥമായിട്ടിതിനെ കരുതുക സാധ്യമല്ല". ചരിത്രമെഴുതുന്നതിന് അല്പം പോലും പരിശീലനം സിദ്ധിച്ചിട്ടില്ലാത്ത ഒരു ഗുമസ്തൻ (merchant clerk) എഴുതിയ ചരിത്രം വെറും കെട്ടുകഥകളുടെ സമാഹാരം മാത്രമാണെന്നായിരുന്നു ജഡ്ജിയുടെ അഭിപ്രായം. ഈ ഗ്രന്ഥത്തിന്റെ കഥയില്ലായ്മ ഈ പ്രസ്താവനകളിൽ നിന്നു വ്യക്തമാണല്ലോ. അന്ത്യോഖ്യാ ബന്ധം സംബന്ധിച്ചും ഉദയംപേരൂർ സുന്നഹദോസിനു മുമ്പുണ്ടായിരുന്ന മലങ്കരസഭയുടെ വൈദേശികബന്ധത്തെ സംബന്ധിച്ചും, ഉദയംപേരൂർ സുന്നഹദോസിനെ സംബന്ധിച്ചു വികലമാക്കപ്പെട്ട നിലപാടുകളായിരുന്നു ഇട്ടൂപ്പിന്റെ ചരിത്രം അവലംബിച്ചിരുന്നത്.

വികലമാക്കപ്പെട്ട ഈ ചരിത്രഗ്രന്ഥമാണ് റോയൽ കോടതി വിധിയിൽ ദീവന്നാസിയോസ് വിഭാഗം ഹാജരാക്കിയത്. ഈ ഗ്രന്ഥമാണ് ജഡ്ജിമാർ തങ്ങളുടെ ചരിത്രപരമായ നിഗമനങ്ങൾക്ക് അടിസ്ഥാനമായി സ്വീകരിച്ചത്. ഇതാണ് പിൽക്കാലത്ത് മലങ്കരസഭയുടെ ഔദ്യോഗിക ചരിത്രമാകുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ വീണ്ടും പല ചരിത്ര രചനകളും പലരും നടത്തി.

മലങ്കരസഭ പൂർണ്ണമായും അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അധികാരത്തിൻകീഴിൽ നിലനിൽക്കുന്ന ഒരു സഭയാണെന്നു തെളിയിക്കാനാണ് മാർത്തോമ്മാക്കാരുമായുണ്ടായ വ്യവഹാരത്തിൽ മലങ്കരസഭ ശ്രമിച്ചത്. അതിനുവേണ്ടി ഇട്ടൂപ്പിന്റെ ചരിത്രം കോടതിയിൽ ഹാജരാക്കി. ആ നിലപാട് ഒരളവുവരെ വട്ടശ്ശേരിൽ തിരുമേനിയുടെ കാലത്തും തുടർന്നു. പിന്നീട് ആ നിലപാട് മാറ്റി. എന്നാൽ ചരിത്രം സംബന്ധിച്ച് പൊതുവെ സ്വീകരിച്ചിട്ടുള്ള നിലപാട് ഇന്നും ഔദ്യോഗിക തലത്തിൽ മാറ്റിയിട്ടുമില്ല. ഈ നിലപാടുകൾ ചാഞ്ഞും ചരിഞ്ഞുമുള്ളതാണെന്നും ചരിത്രപരമായ തെളിവുകളുടെ അടിസ്ഥാനത്തിൽ നിലനിൽക്കുന്നതല്ലെന്നുമായിരുന്നു വി.സി.ശമുവേലച്ചന്റെ അഭിപ്രായം. മലങ്കരസഭയുടെ യഥാർത്ഥ ചരിത്രം കണ്ടെത്താനുള്ള അന്വേഷണം നടത്തുന്ന സത്യാന്വേഷകനായ ഒരു ഗവേഷകനാനായാണ് വി.സി.ശമുവേലച്ചൻ അറിയപ്പെടുന്നത്.

**(ഡോ.വി.സിശമുവേൽ അച്ചന്റെ പത്തൊൻപതാം ഓർമ്മ മാതൃദേവാലയമായ ഓമല്ലൂർ സെന്റ് തോമസ് ഓർത്തഡോക്സ് വലിയപള്ളിയിൽ ആചരിക്കവേ നടത്തിയ അനുസ്മരണ പ്രഭാഷണം)**

# കായംകുളം ആവർത്തിക്കാതിരിക്കാൻ....പേജ് 3–ൽനിന്ന്

വിധി അംഗീകരിക്കുന്നു എന്നു എഴുതുവാനും ആവശ്യപ്പെടുകയുണ്ടായി. (ജൂലൈ 3 വിധി = 1934–ലെ ഭരണഘടന അംഗീകരിക്കൽ). എന്നാൽ നമ്മുടെ സഹോദരങ്ങൾ ഇതു കേൾക്കാതെ കാണിച്ച പിടിവാശിയല്ലേ അവരെ ഹൈക്കോർട്ടിൽ കേസ് കൊടുക്കുവാൻ പ്രേരിപ്പിച്ചത്. ഫലത്തിൽ അഞ്ചുപേർ കയറിയിരുന്ന സ്ഥലത്ത് അതിന്റെ അഞ്ചിരട്ടി ആൾക്കാർ കയറിക്കൂടി.

ഞാനറിഞ്ഞത് സർക്കാർ നേതൃത്വം പോലും ഒരു ഡെഡ് ബോഡി വെച്ച് പിടിവാശി കാണിക്കരുത് എന്നാവശ്യപ്പെട്ടു എന്നാണ്.

തിക്താനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. പക്ഷെ അതു വേണ്ടപോലെ വേണ്ട സാഹചര്യത്തിൽ അവതരിപ്പിക്കാതെ പോയി എന്നുള്ളത് നമ്മുടെ വീഴ്ചയാണ് എന്നും നാം ഓർക്കേണ്ട കാര്യമാണ്. നമ്മുടെ കാദീശാ പള്ളി സഹോദരങ്ങൾക്കു അല്പംകൂടെ ആലോചിച്ചു പ്രവർത്തിക്കാമായിരുന്നു.

ഏകദേശം 3 കൊല്ലമായി നമ്മുടെ ലീഗൽ സെല്ലിന്റെ പ്രവർത്തനം നിലച്ചിട്ട്. ഇതിനെ അടിയന്തിരമായി പുനരുജ്ജീവിപ്പിക്കുവാൻ സഭാതലവൻ അമാന്തം കാണിക്കരുതേ എന്നുതാണുവീണ് അപേക്ഷിക്കുന്നു. പേരുകേട്ട സമർത്ഥരായ വക്കീലന്മാർ ധാരാളമുള്ള ഒരു സഭയാണ് നമ്മുടേത്. അതിലുണ്ടാവേണ്ടത് പരിചയസമ്പന്നരായ സഭാവിശ്വാസികളാണ്. ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ കായംകുളം പോലെയുള്ള പ്രശ്നങ്ങൾ മാനേജ് ചെയ്യുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ടതും ഈ സമിതിയല്ലേ?

ഇനിയെങ്കിലും യാക്കോബായക്കാരമായി സെമിത്തേരി ഷെയർ ചെയ്യുന്ന സ്ഥലങ്ങളിൽ സുപ്രീംകോർട്ടിന്റെ വിധി നടത്തിയെടുത്തില്ലെങ്കിൽ ഇന്നലത്തെ സാഹചര്യം വീണ്ടും ആവർത്തിക്കും.

കാലഘട്ടത്തിനു അനുസരിച്ചുള്ള മാറ്റങ്ങൾ ഏതൊരു ഓർഗനൈസേഷന്റെയും വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്. അതു കാഴ്ചപ്പാടുകളിലും ഭരണത്തിലും ഒക്കെ ആവശ്യമാണ്. ഒരു സംഘടന എന്ന നിലയിൽ നേതൃത്വത്തിന്റെ നിഷ്ക്രിയതയും പിടിവാശികൾകൊണ്ടും വളർച്ച ഇല്ലാതെ മുരടിക്കുന്ന അവസ്ഥയുമാണ് അനുയായികളെ വേറിട്ട് ചിന്തിക്കാനും പ്രവർത്തിക്കാനും പ്രേരിപ്പിക്കുന്നത് എന്നു തലപ്പത്തിരിക്കുന്നവർ ആലോചിക്കുക. പ്രതീക്ഷയോടെ നേതൃത്വത്തെ നോക്കുന്ന അനുയായികളെ വെറുപ്പിക്കാതിരിക്കുക. പറയണം എന്നാഗ്രഹിച്ചിട്ടില്ല. പക്ഷെ ഇന്നത്തെ സാഹചര്യം വേദന ഉണ്ടാക്കിയതുകൊണ്ടുമാത്രം

**ഏബ്രഹാം ജോസഫ്, ദുബായ്**

# ഒരു കോടതിവിധി ഉണർത്തിയ ചിന്തകൾ...പേജ് 1-ൽനിന്ന്

പ്പോഴും 1653-ലെ കൂനൻകുരിശ് സത്യം ബഹിഷ്ക്കരിച്ച് ഒരു ന്യൂനപക്ഷം പള്ളുരുത്തി യാക്കോബ് കത്തനാരുടെ നേതൃത്വത്തിൽ പാശ്ചാത്യർക്കൊപ്പം നിന്നപ്പോൾ ആണ് ആദ്യമായി രണ്ട് കക്ഷി ഉണ്ടായത്. ശേഷം അർക്കദിയാക്കോന്റെ നാല് ഉപദേശകരിൽ രണ്ടുപേർ മറുകണ്ടം ചാടിയതിനെ തുടർന്ന് കത്തോലിക്കരും അകത്തോലിക്കരും ആയി സുറിയാനിക്കാർ പിരിഞ്ഞു.

കത്തോലിക്കാ വിഭാഗത്തിലെ തർക്കം ഒതുക്കിയെടുക്കാൻ അവർക്ക് കഴിഞ്ഞതിനാൽ തൃശൂരിലെ കൽദായർ ഒഴിഞ്ഞത് ഒഴിച്ചാൽ ആ വിഭാഗം ഒരുമിച്ച് തന്നെ നിന്നു. അർക്കദിയാക്കോന്റെ കൂടെ നിന്നവർ പലതായി പിരിഞ്ഞു. പിരിഞ്ഞവർ വീണ്ടും കലഹിച്ചു. മിക്കവരും പിരിഞ്ഞുപിരിഞ്ഞ് ചെറുതായി പിരിയാതെ പിടിച്ചുനിൽക്കുന്നവരാകട്ടെ കോടതികളിൽ കേസും തെരുവുകളിൽ സമരവും ആയി പ്രതിസാക്ഷ്യം തീർക്കുകയും ചെയ്യുന്നു.

ഇപ്പോൾ സുപ്രീംകോടതി ഒരു വിധി പറഞ്ഞിട്ടുണ്ട്. അതിനെക്കുറിച്ചല്ല ഈ കുറിപ്പ്. അത് സഭാനേതൃത്വവും ഇരുകക്ഷികളെയും ഉപദേശിക്കുന്ന വക്കീലന്മാരും കൈകാര്യം ചെയ്യട്ടെ. സഭാചരിത്രത്തെക്കുറിച്ചുമല്ല കുറിപ്പ്.

വടക്കൻ തിരുവിതാംകൂറിൽ ആത്തേമാലി എന്ന ഒരു കുടുംബം ഉണ്ട്. അവരുടെ കുടുംബചരിത്രം അനുസരിച്ച് ആദാം കെട്ടിദത്തുനിന്ന കുടുംബത്തിന്റെ പാടശേഖരത്തിന് ആദത്തിന്റെ മാലി എന്ന പേര് വന്നത് ലോപിച്ചാണത്രെ ആത്തേമ്മാലി എന്നായത്. കേരളത്തിലെ ക്രിസ്ത്യാനികളുടെ ചരിത്രവും ഇത്തരം ആത്തേമ്മാലി പുരാണങ്ങളാണ്. കൂടപ്പുഴ, കണിയാമ്പറമ്പിൽ, പാറേട്ട് ദാനിയേൽ എന്നുവേണ്ട എല്ലാ സഭാപിതാക്കന്മാരുടെയും സഭാ പശ്ചാത്തലം അവരുടെ കൃതികൾ വായിച്ചാൽ അറിയാം. അതിനർത്ഥം ആരും നിഷ്പക്ഷരല്ല എന്നാണല്ലോ.

ഇവിടുത്തെ ഈ കലഹങ്ങളിൽ വിദേശികളല്ല പ്രതികൾ. എത്യോപ്യൻ എറിത്രിയൻ സഭകൾ കോപ്റ്റിക് സഭയുമായി കലഹിച്ചപ്പോൾ രണ്ട് കക്ഷികൾ മാത്രം ആണ് ഉണ്ടായിരുന്നത്. ഇവിടെ അന്ത്യോഖ്യാ, പുത്തൻകുരിശ്, കോട്ടയം ഇങ്ങനെ മൂന്നാണ് കക്ഷികൾ. രണ്ടും മൂന്നും കക്ഷികൾ യോജിച്ചാൽ ആദ്യത്തെ കക്ഷി തടസ്സം നിൽക്കുകയില്ല. അതുകൊണ്ട് നാം മലയാളികളാണ് ഈ പ്രശ്നം പരിഹരിക്കേണ്ടത്. ഏലിയാസ് ബാവായെ ഓർക്കുക. സമാധാനം ഉണ്ടാക്കാൻ തന്നെയാണ് ബാവാ വന്നത്. വട്ടശ്ശേരിൽ തിരുമേനിയുടെ മുടക്ക് തീർക്ക് അതിനുള്ള അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്തു. ഇവിടെ മലങ്കരയിൽ നാം മലയാളികൾക്ക് ഐക്യപ്പെടാൻ കഴിയാതിരുന്നതിനാലാണ് സമാധാന ദൗത്യം നിറവേറ്റാനാവാതെ ബാവാ കാലം ചെയ്യാൻ ഇടയായത്.

വട്ടശ്ശേരിൽ തിരുമേനി ശെമ്മാശ്ശനും അബ്ദുള്ള ബാവാ മെത്രാനും ആയിരുന്നപ്പോൾ അവർ ആത്മമിത്രങ്ങളായിരുന്നുവെന്നത് ചരിത്രമാണ്. എന്നാൽ കൂട്ടുകാരൻ മോറാനും താൻ മെത്രാനും ആയ ശേഷം ഇവിടെ കൂട്ടുട്രസ്റ്റിമാരുമായി ഇടഞ്ഞപ്പോൾ പാത്രിയർക്കീസിനെ സമീപിക്കാൻ തോന്നിയില്ല. ഇരുപതാം നൂറ്റാണ്ടിൽ വിദ്യാസമ്പന്നരായ സുറിയാനി ക്രിസ്ത്യാനികളിൽ ആവേശം ഉണർത്തിയ ദേശീയതാബോധം സഭാകാര്യങ്ങളിൽ സന്നിവേശിപ്പിക്കാൻ ശ്രമിച്ച കെ.സി.മാമ്മൻ മാപ്പിള, ജോൺ വക്കീൽ, ഒ.എം.ചെറിയാൻ തുടങ്ങിയവർ സുറിയാനിക്കാരുടെ സാമൂഹിക സമവാക്യങ്ങളിൽ ഉരുവായിക്കൊണ്ടിരുന്ന പരിവർത്തനങ്ങളുടെ പ്രതീകങ്ങളായിരുന്നു. ഒരുതരം ഫ്യൂഡലിസത്തിനെതിരെ മറ്റൊരുതരം ഫ്യൂഡലിസം വളർന്നുവന്ന ആ നാളുകളിൽ വട്ടശ്ശേരിൽ തിരുമേനിയോ കല്ലാശ്ശേരി ബാവായോ ഒന്നും പിടിച്ചാൽ കിട്ടാത്ത അവസ്ഥയായിരുന്നു സമുദായത്തിൽ. അവരിരുവരും അന്ത്യോഖ്യയുമായുള്ള ഐക്യത്തിൽ മുടക്കു കൂടാതെ കാലം ചെയ്തരാണ് എന്ന സത്യം അവരുടെ മനസ്സ് ഇങ്ങനെ വായിക്കുന്നതിനോട് ചേർത്ത് വായിക്കേണ്ടതുണ്ട്. അതേ സമയം അകാലത്തിൽ അന്തരിക്കാതിരുന്നുവെങ്കിൽ ഒരുവേള ഏലിയാസ് ബാവായും വട്ടശ്ശേരിൽ തിരുമേനിയും ചേർന്നു പ്രശ്നം പരിഹരിക്കുമായിരുന്നു എന്ന് വിശ്വസിക്കാനാണ് ഞാൻ ഇഷ്ടപ്പെടുന്നത്.

സമാനമായാണ് ഔഗേൻ ബാവായുടെ നേതൃത്വത്തിൽ സംഭവിച്ചത്. മഞ്ഞിനിക്കരയിൽ താമസിച്ചിരുന്ന കാലത്ത് അബ്ദുൾ ആഹാദ് റമ്പാച്ചനും വി.സി.ശമുവേൽ അച്ചനും തമ്മിൽ സൗന്ദര്യപിണക്കം ഉണ്ടായിരുന്നു. അത് അനവസരത്തിൽ ആഡിസ് അബാബയിൽ അപസ്വരം ഉയർത്തി. ഇവിടെയുള്ള തീവ്രവാദികളായ അനുയായികളെ അവഗണിച്ച് പ്രശ്നങ്ങൾ അവസാനിപ്പിച്ചു മടങ്ങിയ യാക്കോബ് തൃതീയനെ പിറകെ ചെന്ന് പ്രകോപിപ്പിക്കുകയായിരുന്നു മലയാളി. അവിടെയും സംഗതി ബാവായുടെ കൈവിട്ടുപോവുകയായിരുന്നു. ഔഗേൻ ബാവാ ആഗ്രഹിച്ചതല്ല പിന്നീട് സംഭവിച്ചത്. അന്ന് കോട്ടയത്ത് കലക്ടറായിരുന്ന എന്നോട് ബാവാ ആ നിരാശ പങ്കുവെച്ചിട്ടുണ്ട്. ഒരു പ്രകോപനം മലയാളികളെ രണ്ട് കക്ഷികളാക്കിയതായിരുന്നു പ്രശ്നം.

പാത്രിയർക്കീസുമാർ മനുഷ്യരാണ്. ജനിച്ചു വളർന്ന പ്രകൃതി സംസ്കൃതികളുടെ സ്വാധീനതയിൽനിന്ന് അവർക്ക് പൂർണ്ണ വിമുക്തി ഉണ്ടാവുകയില്ല. അത് നമുക്കും ബാധകമാണ്. നമ്മുടെ സംസ്കാരത്തിൽനിന്ന് നമുക്കുണ്ടോ മോചനം? മാർപാപ്പാ ബെനഡിക്റ്റ് പതിനാറാമൻ തോമാശ്ലീഹാ കേരളത്തിൽ വന്നില്ല എന്ന് പ്രസംഗിച്ച് പുലിവാൽ പിടിച്ചത് ഓർക്കുക. അത് സഭാചരിത്രത്തിലെ ആ അദ്ധ്യായത്തെ സംബന്ധിച്ചുള്ള ജർമ്മൻ വീക്ഷണം ആണ്. മാർപാപ്പാ ആയാലും ആൾ ജർമ്മൻകാരനല്ലാതാകുമോ? അതുകൊണ്ട് പാത്രിയർക്കീസുമാർ വിദേശികളായതുകൊണ്ട് അനഭിമതരാകുന്നതും നമ്മുടെ നേതാക്കൾ മലയാളികളാകുന്നതുകൊണ്ട് ഭാസുരേന്ദ്രന്മാരാവുന്നതും ഒരുപോലെ വർജനീയമാണ് എന്നത് നാം തിരിച്ചറിയണം. ചരിത്രത്തിലെ അബദ്ധങ്ങൾക്കും സ്ഖലിതങ്ങൾക്കും വർത്തമാനകാല വിശകലനങ്ങൾ ആകാം. എന്നാൽ അത് വിദ്വേഷത്തിലേക്ക് നയിക്കരുത്. ഭാരതീയ ക്രൈസ്തവ സാക്ഷ്യം സഭാഭേദങ്ങൾക്ക് അതീതമാകണം. മൂന്ന് കത്തോലിക്കാ റീത്തുകളും സുറിയാനിസഭയിലെ രണ്ട് വിഭാഗങ്ങളും മാർത്തോമ്മാക്കാരും പ്രൊട്ടസ്റ്റന്റുകാരും ബ്രദർ പെന്തക്കോസ്ത് വിഭാഗങ്ങളും എല്ലാം ആ സാക്ഷ്യത്തിന്റെ ഘടകങ്ങളാണ്. ആരും ചെറുതല്ല. മൂവാറ്റുപുഴയിലെ എം.ജി.വർഗീസ് മാസ്റ്ററുടെ സഭയും ചേരുന്നതാണ് ഭാരതീയ ക്രൈസ്തവസഭ.

കഴിഞ്ഞ ഒരു നൂറ്റാണ്ട് മലങ്കര സുറിയാനി സഭയിൽ രണ്ടു ഉപസംസ്കൃതികൾ രൂപപ്പെട്ട കാലയളവാണ്. ആ സത്യം അംഗീകരിക്കേണ്ടത് മലങ്കരസഭയുടെ മാത്രം ആവശ്യമല്ല. ഭാരതക്രൈസ്തവ സമൂഹത്തിന്റെ നിരാക്ഷേപ സാക്ഷ്യം പ്രശോഭിതമാകണമെങ്കിൽ നിലപാടുകളിലെ വ്യത്യസ്തതകൾ തിരിച്ചറിയുന്നതിനോടൊപ്പം അവയുടെ പാരമ്പര്യവും തിരിച്ചറിയേണ്ടതുണ്ട്. ഒരു ഉപസംസ്കൃതി അതിന്റെ മാതൃസംസ്കൃതിയിൽനിന്ന് വിഭിന്നമായിരിക്കുന്നത് വിശദാംശങ്ങളിൽ മാത്രം ആണ്. അത്രയും അംഗീകരിക്കാമെങ്കിൽ സമന്വയം അന്യമാക്കേണ്ടതില്ല. എല്ലാവരും അവരവർ പിടിച്ച മുയലിന്റെ കൊമ്പ് എണ്ണാൻ തുടങ്ങുന്നതിനു മുമ്പ് മുയലിനു കൊമ്പില്ല എന്ന് തിരിച്ചറിയുകയാണ് വേണ്ടത്.

ഉപസംസ്കൃതികളുടെ മേൽ അധീശത സ്ഥാപിച്ച് അവയെ നശിപ്പിച്ച് ബലാൽക്കരേണ മാതൃസംസ്കൃതിയിൽ ലയിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ വിജയിക്കാറില്ല. സഭബാഹ്യമായ സാഹചര്യങ്ങളിൽ യൂഗോസ്ലാവിയയും സേർബിയയും ബോസ്നിയും സൈപ്രസും തുടങ്ങി എത്രയോ ഉദാഹരണങ്ങൾ കാണാം. വടക്കുപടിഞ്ഞാറൻ ചൈന പോലെ എവിടെയെങ്കിലും ആ നയം വിജയിച്ചിട്ടുണ്ടെങ്കിൽ അത് സൈന്യബലംകൊണ്ടാണ്. അത്തരം അഗ്നിപർവ്വതങ്ങൾ എന്നു വേണമെങ്കിലും ലാവാ ചീറ്റിയെന്നു വരാം. അതുകൊണ്ട് ഉപസംസ്കൃതികളുടെ സഹവർത്തിത്വമാകണം ലക്ഷ്യം. ലയനം ദുഷ്ക്കരവും അധീശമോഹം അപകടവുമാണ്. എന്നാൽ ഐക്യം അകലെയാണ് എന്ന് നിരാശപ്പെടാൻ കാര്യമില്ലതാനും. ഇപ്പോൾ രണ്ട് വിഭാഗങ്ങളും ചർച്ചയ്ക്ക് തയ്യാറാണെന്ന് കേൾക്കുന്നു. നല്ലത്. ശുഭമസ്തു. അവിഘ്നമസ്തു. ഇനി പറയുന്നത് ഈ പോൾ അല്ല സെന്റ് പോൾ ആണ്.

പൗലോസ് ശ്ലീഹാ ധന്യൻ ചൊൽകേട്ടത്

നേവം സ്നേഹത്തിൽ വേരൂന്നി ഈശ്വരന്റെ സ്നേഹത്തെ അറിയുവാനും പരിജ്ഞാനത്തേക്കാൾ വലുതാണ് സ്നേഹം എന്ന് ഗ്രഹിച്ച് ഈശ്വരസാക്ഷാത്ക്കാരം പ്രാപിക്കുവാനും എല്ലാവർക്കും കഴിയട്ടെ (ബൈബിൾ, പുതിയനിയമം, എഫേസ്യലേഖനം അദ്ധ്യായം 3 വാക്യങ്ങൾ 14-20)

# തിരുവേദ വനിതകൾ...പേജ് 2-ൽനിന്ന്

## യുനിക്ക/ലോവീസ് - നല്ല തലമുറയെ വാർത്തടുത്തവർ

യുനിക്കയും അവളുടെ അമ്മ ലോവീസും അവളുടെ മകൻ തിമോത്തിയോസും പൗലോസിന്റെ ഒന്നാം മിഷനറിയാത്രയിൽ ക്രിസ്തുമതം സ്വീകരിച്ചവരാണ്. യുനിക്കയുടെ മാതാപിതാക്കൾ യഹൂദമതക്കാരായിരുന്നു എങ്കിലും ഏതു സാഹചര്യത്തിലാണെന്നറിയില്ല അവളെ ഒരു യവനനാണു വിവാഹം ചെയ്തത്. അങ്ങനെ ഒരു വിജാതീയനെ വിവാഹം ചെയ്യേണ്ടിവന്നു എങ്കിലും അവൾ യഹൂദമതത്തിന്റെ ആചാരങ്ങളെ വിട്ടുകളയാതെ അവയെ പാലിക്കുകയും മകനെ ആ പാരമ്പര്യത്തിൽ വളർത്തുകയും ചെയ്തു.

യുനിക്ക എന്ന ഗ്രീക്കുവാക്കിന്റെ അർത്ഥം 'വിജയിയായ' എന്നാണ്. ലോവീസ് എന്ന വാക്കിന് 'പൂർത്തീകരിക്കുന്നവൾ' എന്നർത്ഥം. ഏഷ്യമൈനറിൽ ലുക്കവോന്യ പ്രവിശ്യയിലെ ലുസ്ത്ര ആയിരുന്നു ഇവരുടെ താമസസ്ഥലം. എവിടെനിന്നാണു അവർ അവിടെ വന്നു താമസമാക്കിയത് എന്നു നിശ്ചയമില്ല. യുനിക്കയുടെ ഏക മകനായ തീമോത്തിയോസ് പൗലോസിന്റെ ശിഷ്യനും പിന്നീടു എഫേസോസിലെ സഭയിൽ എപ്പിസ്കോപ്പായുമായിത്തീർന്നു.

മകനെ വിശ്വാസത്തിൽ വളർത്തുക എന്ന വലിയ ദൗത്യമാണു തിമോത്തിയോസിന്റെ അമ്മ യുനിക്കയും, വലിയമ്മ ലോവീസും നിർവ്വഹിച്ചതായി നാം മനസ്സിലാക്കുന്നത്. ആ വിശ്വാസം ആദ്യം നിന്റെ വലിയമ്മ ലോവീസിലും അമ്മ യുനീക്കയിലും ഉണ്ടായിരുന്നു. നിന്നിലും ഉണ്ടെന്നു ഞാൻ ഉറച്ചിരിക്കുന്നു (2 തീമോ. 1:5). യഹൂദമതവിശ്വാസിയായിരുന്ന യുനിക്കയെ ഒരു യവനൻ വിവാഹം ചെയ്തു എങ്കിലും അവൾ യഹൂദവിശ്വാസത്തിൽ നിലനിൽക്കുകയും മകനെയും ആ വിശ്വാസത്തിൽ വളർത്തുകയും ചെയ്തു. തിമോത്തിയോസ് എന്നതു യഹൂദമതത്തിലെ ബാലന്മാർക്കു നൽകിയിരുന്ന പേരുകളിലൊന്നായിരുന്നു.

അപ്പൻ യവനൻ ആയിരുന്നതിനാൽ മകനെ എട്ടാം ദിവസം പരിച്ഛേദനയ്ക്കു വിധേയനാക്കുന്നില്ലെങ്കിലും അമ്മയും വലിയമ്മയുംകൂടി യഹൂദന്മാരുടെ ന്യായങ്ങളും പ്രമാണങ്ങളും ഒക്കെ പഠിപ്പിച്ചു ഒരു നല്ല യഹൂദബാലനായി തീമോത്തിയോസിനെ വളർത്തിക്കൊണ്ടുവന്നു.

മോശയുടെ അനുശാസനപൂർണ്ണമായി പിൻതുടർന്ന ഒരു വ്യക്തിയായിട്ടാണു യൂനിക്കയെ നാം മനസ്സിലാക്കേണ്ടത്. "നീ അവയെ (ന്യായപ്രമാണസത്യത്തെ) നിന്റെ മക്കൾക്കു ഉപദേശിച്ചുകൊടുക്കുകയും നീ വീട്ടിലിരിക്കുമ്പോഴും വഴിനടക്കുമ്പോഴും കിടക്കുമ്പോഴും എഴുന്നേൽക്കുമ്പോഴും അവയെക്കുറിച്ചു സംസാരിക്കയും വേണം" (ആവ. 6:7). ഇക്കാര്യത്തിൽ അമ്മയും വല്യമ്മയും വേണ്ടവണ്ണം ശ്രദ്ധിച്ചതുകൊണ്ടാണു തീമോത്തിയോസിനു തിരുവചനം ബാല്യം മുതൽ പഠിക്കുവാനായി സാധിച്ചത്. "ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്കുക. അവൻ വൃദ്ധനായാലും അതു വിട്ടുമാറുകയില്ല" (സദൃ. 22:6).

പൗലോസ് ബർന്നബാസിനൊപ്പം തന്റെ ഒന്നാം മിഷനറിയാത്രയിൽ ലുസ്ത്രയിൽ എത്തുകയും അവിടെ ഒരു മുടന്തനെ സൗഖ്യമാക്കുകയും ചെയ്തു. അപ്പോൾ അവിടെയുള്ള വിജാതീയർ ചിന്തിച്ചത് അവർ രണ്ടു ദേവന്മാരാകുന്നു എന്നാണ്. പൗലോസ് യേശുവിനെപ്പറ്റി അവരോടു പ്രസംഗിക്കുന്നു. (അപ്പോ. പ്രവ. 14:8-18) അനേകർ യേശുവിൽ വിശ്വസിക്കുകയും സ്നാനപ്പെടുകയും ചെയ്തു.

ലുസ്ത്രയിൽ പൗലോസും ബർന്നബാസും ചേർന്നു നടത്തിയ സുവിശേഷവേലയുടെ ഫലമായിട്ടായിരിക്കണം യുനീക്കയും അമ്മ ലോവീസും അന്നു ബാലനായിരുന്ന തിമോത്തിയോസും സ്നാനപ്പെട്ടു സഭയോടു ചേരുന്നത്. ലുസ്ത്രയിൽ പൗലോസിനു കല്ലേറു സഹിക്കേണ്ടിവന്നതായി അദ്ദേഹം അനുസ്മരിക്കുന്നു (2 കൊരി. 11:25). അങ്ങനെ കഷ്ടപ്പാടുകൾ സഹിച്ചു പൗലോസ് നടത്തിയ സുവിശേഷവേലയുടെ ഒരു വലിയ പ്രതിഫലമായി തീമോത്തിയോസിനെ സഭക്കു ലഭിച്ചു.

തീമോത്തിയോസ് തന്റെ ബാല്യം മുതൽതന്നെ വിശ്വാസത്തിൽ വളർത്തപ്പെട്ടു. "നീയോ ഇന്നവനോടു പഠിച്ചു എന്നു ഓർക്കുകയും, ക്രിസ്തുവേശുവിങ്കലുള്ള വിശ്വാസത്താൽ നിന്നെ രക്ഷക്കു ജ്ഞാനിയാക്കുവാൻ മതിയായ തിരുവെഴുത്തുകളെ ബാല്യം മുതൽ അറിയുകയും ചെയ്യുന്നതുകൊണ്ടു നീ പഠിച്ചും നിശ്ചയം പ്രാപിച്ചും ഇരിക്കുന്നതിൽ നിലനില്ക്ക (2 തിമോ.3: 14-15) യുനിക്കയുടെ കുടുംബം സ്നാനപ്പെട്ടു സഭയോടു ചേരുമ്പോൾ തിമോത്തിയോസ് നന്നേ ചെറുപ്പമാകയാൽ വളരെ ചെറുപ്പത്തിൽതന്നെ വിശ്വാസത്തിൽ അടിയുറച്ചു ജീവിപ്പാൻ സാധിച്ചു.

അതു മാത്രമല്ല തന്റെ മാതാവിൽനിന്നും വലിയമ്മയിൽനിന്നും താൻ ആർജ്ജിച്ചെടുത്തിരുന്ന യഹൂദ പാരമ്പര്യം, ക്രിസ്തീയ വിശ്വാസം കൂടുതൽ നന്നായി മനസ്സിലാക്കുവാനും അദ്ദേഹത്തെ സഹായിച്ചു. അവർ കുടുംബമായി സ്നാനപ്പെട്ടു സഭയോടു ചേർന്നു എന്നതിനാൽ ബാലനായ തിമോത്തിയോസ് ഭാവിയിൽ ഒരു നല്ല സുവിശേഷ വേലക്കാരനായിത്തീരത്തക്കവണ്ണം അവനെ വളർത്തിക്കൊണ്ടു വരുന്നതിലാണ് ആ രണ്ടു മുതിർന്ന സ്ത്രീകളും കൂടുതൽ ശ്രദ്ധിച്ചത്.

പൗലോസ് അപ്പോസ്തോലൻ തന്റെ രണ്ടാം മിഷനറിയാത്രയിൽ ലുസ്ത്രയിൽ എത്തിയപ്പോൾ വീണ്ടും തീമോത്തിയോസിനെ കാണുന്നു. അപ്പോഴേക്കും അദ്ദേഹത്തെക്കുറിച്ചു വിശ്വാസികളിൽനിന്നും ഒരു നല്ല സാക്ഷ്യമാണു കേൾക്കുവാൻ ഇടയായത്. "അവൻ (തീമോത്തിയോസ്) ലുസ്ത്രയിലും ഇക്കോന്യയിലുമുള്ള സഹോദരന്മാരാൽ നല്ല സാക്ഷ്യം കൊണ്ടവൻ ആയിരുന്നു (അപ്പോ.പ്രവ.16:2). അങ്ങനെ വിശ്വാസികളുടെ ഇടയിൽ നല്ല സാക്ഷ്യം ലഭിച്ച തിമോത്തിയോസിനെയാണു തന്റെ സഹയാത്രികനാക്കുവാൻ പൗലോസ് തീരുമാനിക്കുന്നത്. തന്റെ ഏക മകനെ അപ്രകാരം നൽകുവാൻ ആ മാതാവും തയ്യാറാകുന്നു.. (തുടരും)

**Vol. 24 Issue 3**
**December 1**

MALANKARA SABHA DEEPAM
P.B. 611, KOTTAYAM - 686001
Phone - 0481-2585499, Fax - 0481-2585499

REG.No.KERMAL/1994/1599
REGISTERED No. KL/KTM/ 40/ 2015-2017

Rs.2

LICENCED TO POST WITHOUT PRE-PAYMENT OF POSTAGE
LIC.NO. KL/CR/KTM/WPP - 07/2015-17

# ആലുവാ തൃക്കുന്നത് സെമിനാരി തുറക്കുന്നത് ഹൈക്കോടതിവിധിക്കു ശേഷം

**തൃക്കുന്നത്ത് സെമിനാരി കേസ് പരിഗണിക്കുന്നതിൽനിന്ന് ജഡ്ജിമാർ ഒഴിഞ്ഞുമാറുന്നു**

ആലുവ : തൃക്കുന്നത്ത് സെമിനാരി സംബന്ധിച്ച് ഹൈക്കോടതിയിൽ ഇപ്പോൾ ഒരു കേസ് നിലവിലുണ്ട്. കോടതിയുടെ പരിഗണനയിലുള്ള ആ കേസിന്റെ തീരുമാനം വന്നതിനുശേഷം മാത്രം മതി സെമിനാരി പള്ളി തുറക്കുന്നത് എന്നാണ് ഭദ്രാസന നേതൃത്തിന് ലഭിച്ചിരിക്കുന്ന നിയമോപദേശം.

തൃക്കുന്നത്ത് സെമിനാരിയുമായി ബന്ധപ്പെട്ട് യാക്കോബായ വിഭാഗം നേരത്തെ കൊടുത്ത കേസിൽ എറണാകുളം ജില്ലാ കോതി ഓർത്തഡോക്സ് വിഭാഗത്തിന് അനുകൂലമായ വിധിയാണ് പുറപ്പെടുവിച്ചിട്ടുള്ളത്. ഈ വിധിക്കെതിരെ യാക്കോബായ വിഭാഗം കൊടുത്ത അപ്പീലാണ് (എസ്.262/2003) ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ പരിഗണനയിലുള്ളത്. ഈ കേസ് എത്രയും വേഗം കേട്ട് തീർപ്പുണ്ടാക്കണമെന്ന ആഗ്രഹത്തോടെ ഈ കഴിഞ്ഞ ജൂലൈ മാസത്തിൽ ഓർത്തഡോക്സ് സഭയ്ക്കു വേണ്ടി പെറ്റീഷൻ ഫയൽ ചെയ്തു. ജസ്റ്റിസ് പി.എൻ.രവീന്ദ്രൻ സീനിയർ ആയിട്ടുള്ള ഡിവിഷൻ ബഞ്ച് ഈ കേസ് കേൾക്കാൻ താൽപര്യമില്ല എന്നു പറഞ്ഞ് അവോയ്ഡ് ചെയ്തു. പിന്നീട് ജസ്റ്റിസ് ചിതംബരേഷ് സീനിയർ ആയ ഡിവിഷൻ ബഞ്ചിൽ വന്നു. ആ ബെഞ്ചും ഈ കേസ് അവോയ്ഡ് ചെയ്തു. പിന്നീട് ചീഫ് ജസ്റ്റിസിന്റെ അംഗീകാരത്തോടെ കഴിഞ്ഞദിവസം ജസ്റ്റിസ് സി.കെ.അബ്ദുൾ റഹീം സീനിയർ ആയ ഡിവിഷൻ ബഞ്ചിൽ വന്നു. ആ ബഞ്ചും കേസ് കേൾക്കുവാൻ താൽപര്യമില്ലാതെ അവോയ്ഡ് ചെയ്തു. എന്നാൽ അടുത്ത ആഴ്ച മറ്റൊരു ബഞ്ചിൽ വരുത്താൻ ഓഫീസിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇതിനിടെ തൃക്കുന്നത്ത് സെമിനാരി ഉടൻ തുറക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അങ്കമാലി ഭദ്രാസനത്തിലെ ഒരു വിഭാഗം യുവജനപ്രസ്ഥാന പ്രവർത്തകർ മുന്നോട്ടിറങ്ങിയിട്ടുണ്ട്. അവർ ഡിസംബർ അഞ്ചാം തീയതി തൃക്കുന്നത്ത് സെമിനാരിയിൽ ഉപവാസ പ്രാർത്ഥന നടത്തുവാൻ ആഹ്വാനം ചെയ്തിട്ടുണ്ട്. എന്നാൽ ഇത് അനാവശ്യമായ പുതിയ തർക്കങ്ങൾക്കും സംഘർഷാവസ്ഥയ്ക്കും കളമൊരുക്കുമെന്നാണ് ഭദ്രാസനത്തിലെ മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ ഉൾപ്പെടെയുള്ള വേറൊരു വിഭാഗത്തിന്റെ അഭിപ്രായം. നിയമോപദേശം അനുസരിച്ച് ഹൈക്കോടതി വിധി പരിഗണിച്ചും മാത്രം മതി നിലവിലുള്ള സ്റ്റാറ്റസ്കോയ്ക്ക് മാറ്റം വരുത്തേണ്ടത് എന്നാണ് ഭദ്രാസന നേതൃത്വത്തിന്റെ നിലപാട്.

# ഫാ. മത്തായി നൂറനാലിന്റെ പതിനഞ്ചാം ചരമവാർഷികം

സുൽത്താൻ ബത്തേരി : മലങ്കര ഓർത്തഡോക്സ് സഭയുടെ മുൻ വൈദികട്രസ്റ്റിയും സഹകാരിയുമായിരുന്ന ഫാ.മത്തായി നൂറനാലിന്റെ പതിനഞ്ചാം ചരമവാർഷികത്തിന്റെ ഭാഗമായുള്ള അനുസ്മരണ സമ്മേളനവും ക്വിസ് മത്സരവും 25,25 തീയതികളിൽ സുൽത്താൻ ബത്തേരി സെന്റ് മേരീസ് ഓർത്തഡോക്സ് തീർത്ഥാടനകേന്ദ്രത്തിൽ നടന്നു. 25ന് രാവിലെ അഖിലമലങ്കര ക്വിസ് മത്സരത്തെ തുടർന്ന് നടന്ന അനുസ്മരണ സമ്മേളനം നഗരസഭാ ചെയർമാൻ സി.കെ.സഹദേവൻ ഉദ്ഘാടനം ചെയ്തു. ഓർത്തഡോക്സ് സഭാ വൈദികട്രസ്റ്റി ഫാ.ഡോ.എം.ഒ.ജോൺ അനുസ്മരണ പ്രഭാഷണം നടത്തി. ഈ വർഷത്തെ ഫാ.മത്തായി നൂറനാൽ സ്മാരക അവാർഡിന്റെ വിതരണം ജനുവരി 14ന് നടത്തും. വികാരി ഫാ.ടി.എം.കുറിയാക്കോസ്, ഫാ.ജസ്റ്റിൻ കുറിയാക്കോസ്, മാത്യൂസ് ജേക്കബ് നൂറനാൽ, പ്രൊഫ.സണ്ണി മാത്യു, എം.സി.വിപിൻ, അഡ്വ.മേഴ്സി അനിൽ തുടങ്ങിയവർ നേതൃത്വം നൽകി.

# വി. യൂദാശ്ലീഹായുടെ പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി.യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

**ഒരു വിശ്വാസി, മൈസൂർ**

# പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവെ എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴികാണിച്ച് തരികയും എന്നോട് മററുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവിക ദാനം തരികയും ചെയ്യുന്നവനും എന്റെ ജീവിതത്തിൽ എല്ലാ ദൈവിക ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നുഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടു കൂടെയായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചേർന്നിരിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്ന് ദിവസം അടുപ്പിച്ച് ചൊല്ലുക മൂന്ന് ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും അപേക്ഷിക്കുന്നതിന് മുമ്പ് താഴെപ്പറഞ്ഞിരിക്കുന്ന രണ്ടുകാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.
2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്രയധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും ഇതു പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

താമസിച്ചതിന് ക്ഷമാപണം

**കുഞ്ഞുമോൾ, കുപ്പപ്പുറം**

# പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ ചരമ സുവർണ്ണ ജൂബിലി ഒരുക്കങ്ങൾ പൂർത്തിയാകുന്നു

കണ്ടനാട് : പ്രമുഖ സാമൂഹ്യ പരിഷ്ക്കർത്താവും വൈക്കം സത്യാഗ്രഹ മുന്നണി പോരാളിയും മലബാർ ഭദ്രാസന പ്രഥമ മെത്രാപ്പോലീത്തായും സ്ലീബാദാസ സമൂഹസ്ഥാപകനുമായ പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ ചരമ സുവർണ്ണ ജൂബിലി ആഘോഷങ്ങൾ പ.പിതാവ് അന്ത്യവിശ്രമം കൊള്ളുന്ന കണ്ടനാട് കർമ്മേൽ ദയറായിൽ 2018 ജനുവരി 28 മുതൽ ഫെബ്രുവരി 2 വരെ നടത്തപ്പെടും. സുവർണ്ണ ജൂബിലി ആഘോഷങ്ങൾക്കു മുന്നോടിയായി സ്ലീബാദാസ സമൂഹാദ്ധ്യക്ഷൻ ഡോ.യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടിയ ആലോചനായോഗത്തിൽ പ.കാതോലിക്കാ ബാവാ രക്ഷാധികാരിയായും ഡോ.യാക്കോബ് മാർ ഐറേനിയോസ് പ്രസിഡന്റായും വെരി.റവ.ശെമവൂൻ റമ്പാൻ ജനറൽ കൺവീനറുമായുള്ള 75 അംഗ സുവർണ്ണ ജൂബിലി കമ്മിറ്റിയെ തെരഞ്ഞെടുത്തു. ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി മിഷൻ സമ്മേളനം, സഹകാരി സംഗമം, അനുസ്മരണം, വി.കുർബ്ബാന, ജൂബിലി സമ്മേളനം, പെൻഷൻ പദ്ധതി ഉദ്ഘാടനം, വിദ്യാഭ്യാസ സഹായ വിതരണം, അവാർഡ്ദാനം, പ്രദക്ഷിണം, നേർച്ച സദ്യ, ആശീർവാദം തുടങ്ങിയ വിവിധയിന പരിപാടികൾ നടത്തുവാൻ തീരുമാനിച്ചതായി ആഘോഷകമ്മിറ്റിക്കുവേണ്ടി ഫാ. സോമു പ്രക്കാനം അറിയിച്ചു.

# ആചാര്യ അവാർഡിന് അപേക്ഷ ക്ഷണിക്കുന്നു

ബഹുഭാഷാ പണ്ഡിതനും മാതൃകാ അദ്ധ്യാപകനുമായിരുന്ന മലങ്കരസഭാ കവി സി.പി. ചാണ്ടി സാറിന്റെ സ്മരണയ്ക്കായി മലങ്കര ഓർത്തഡോക്സ് സഭ ഏർപ്പെടുത്തിയ മികച്ച അദ്ധ്യാപകർക്കായുള്ള ആചാര്യ അവാർഡിന് അപേക്ഷ ക്ഷണിക്കുന്നു. പതിനഞ്ചുവർഷം തുടർച്ചയായി അദ്ധ്യാപകരായി സേവനമനുഷ്ഠിച്ചിട്ടുള്ളവരും ഇപ്പോൾ സർവ്വീസിൽ ഇരിക്കുന്നവരുമായ ഗവ/എയ്ഡഡ്, എൽ.പി./യു.പി/ഹൈസ്ക്കൂൾ അദ്ധ്യാപകരെയാണ് അവാർഡിന് പരിഗണിക്കുന്നത്. ഇരുപതിനായിരം രൂപയും പ്രശസ്തി പത്രവുമടങ്ങുന്ന അവാർഡാണ് നൽകുന്നത്. സ്ക്കൂൾ അധികൃതർ, പൊതുജനങ്ങൾ, രക്ഷകർത്താക്കൾ എന്നിവർക്ക് അർഹതയുള്ള അദ്ധ്യാപകരുടെ പേരും മേൽവിലാസവും സെക്രട്ടറിക്ക് അയച്ചുതരാവുന്നതാണ്. അദ്ധ്യാപകർക്ക് നേരിട്ടും നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കാം. ചാണ്ടിസാറിന്റെ പതിമൂന്നാം ചരമദിനമായ 2018 മെയ് നാലാം തീയതി പത്തനംതിട്ടയിൽവെച്ച് അവാർഡ് സമ്മാനിക്കും. സെക്രട്ടറി, ആചാര്യ അവാർഡ് കമ്മിറ്റി, ബേസിൽ അരമന, പത്തനംതിട്ട–689645 എന്ന വിലാസത്തിൽ 2018 ജനുവരി 31ന് മുമ്പായി അപേക്ഷ ലഭിച്ചിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് 9447593058 (സെക്രട്ടറി) എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക. www.thumpamon.mosc.in എന്ന വെബ്സൈറ്റിലും അപേക്ഷാഫോം ലഭ്യമാണ്.

# മാർ ഡയനീഷ്യസ് സ്മാരക കലാമത്സരം

തെങ്ങേലി : നിരമം ഭദ്രാസനാധിപനായിരുന്ന തോമ്മാ മാർ ദീവന്നാസിയോസ് സ്മാരക കലാത്മസരവും വന്ദ്യ അപ്രേം റമ്പാൻ സ്മാരക ക്വിസ് മത്സരവും നവംബർ 26ന് രാവിലെ 9 മണി മുതൽ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ നടന്നു. 23 വയസ്സ് വരെയുള്ളവരെ മൂന്നു വിഭാഗങ്ങളായി തിരിച്ച് പ്രസംഗം, ഉപന്യാസം, സിംഗിൾ സോംഗ്, ഗ്രൂപ്പ് സോംഗ്, ചെറുകഥപറച്ചിൽ, ക്വിസ്, വേദവായന എന്നിവയിലാണ് മത്സരങ്ങൾ നടന്നത്.



*ദാനിയേൽ മാർ പീലക്സിനോസ്*
*തിരുമേനിയുടെ പാവനസ്മരണയ്ക്കു*
*മുമ്പിൽ ആദരാഞ്ജലികൾ*

**ജേക്കബ് കുരുവിള വട്ടക്കുന്നേൽ**